# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**

വാല്യം 43 ലക്കം 6
വാർഷിക വരിസംഖ്യ ₹ 100

Vol 43 No. 6
Annual Subscription ₹100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്
ഒക്ടോബർ 2025

**വിശുദ്ധിയുടെ മാതൃകയായ മറിയത്തിന്റെ വിമലഹൃദയമേ**
**വിശുദ്ധരാകാമെന്ന പ്രത്യാശ ഞങ്ങൾക്ക് നല്കണമേ**



പരിശുദ്ധ അമ്മേ,
നിന്റെ കാലുകൾ ഉറപ്പിച്ചിരുന്നത്
ഭൂമിയിലായിരുന്നെങ്കിലും
നിന്റെ നോട്ടം എപ്പോഴും
അത്യുന്നതങ്ങളിലായിരുന്നു;
സ്വർഗം നിന്നെ സ്വന്തമാക്കി.
പരിശുദ്ധ അമ്മേ,
സ്വർഗത്തിലേക്കുള്ള
ഗോവണിയായ നിന്നിലൂടെ
സ്വർഗത്തെ ലക്ഷ്യമാക്കി യാത്ര ചെയ്യുവാൻ
ഞങ്ങളെ സഹായിക്കണമേ.
ആമ്മേൻ.

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

**Pratheekshayude Poomottukal**
**Vol. 43 No. 7**

**വാല്യം 43 ലക്കം 7 പള്ളിക്കൂദാശക്കാലം ഒക്ടോബർ 2025**

"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ തോമസ് തറയിൽ**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**സീനാ ചക്കാലമുറ്റം A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**സൗമ്യാ കാഞ്ഞിരക്കാട്ട് A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹100/-**

പ്രിന്റിംഗ്:
**വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.**
Email: wigipress@gmail.com

**പ്രൊസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- സഭ ദൈവാലയം സ്വർഗം 5
- സഭയുടെ സ്വഭാവങ്ങളിലൂടെ വിരചിതമാകുന്ന ആരാധനാസമൂഹം 8
- പ്രത്യാശിക്കുന്ന ഇടം 12
- ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ തിരുസഭ 14
- വിശ്വാസസാക്ഷ്യം ക്രൈസ്തവജീവിതത്തിൽ 18
- പറയാൻ ബാക്കി വച്ചത്.... പിന്നെ.... 20
- സെനക്കിൾ തരംഗം 23
- ഹെസക്കിയാ 24
- അതു വേണ്ടായിരുന്നു 28
- അമ്മയോടൊപ്പം 30

എഡിറ്റോറിയൽ

# തിരഞ്ഞെടുപ്പിന്റെ ഫലം

**തി**രഞ്ഞെടുപ്പിനെയും തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തെയും (SIR) ചുറ്റിപ്പറ്റിയുള്ള വാർത്തകളൊക്കെ നാം കണ്ടുകൊണ്ടിരിക്കുകയാണ്. വോട്ടർ പട്ടികയിൽ ഒന്നിലേറെ തവണ പേരുള്ളവരും ഒരു പട്ടികയിലും പേരില്ലാത്തവരും ഒക്കെയായി തിരഞ്ഞെടുപ്പു വാർത്തകൾ അങ്ങനെ ഇടം പിടിച്ചിരിക്കുന്നു. തിരഞ്ഞെടുക്കുവാനും തിരഞ്ഞെടുക്കപ്പെടുവാനും ചില യോഗ്യതകളൊക്കെ വേണം. രാജ്യത്തിലെ പൗരനായിരിക്കുക എന്നതാണു പ്രധാനപ്പെട്ട നിബന്ധന. മാത്രമല്ല വോട്ടർ പട്ടികയിൽ പേരും വേണം. തിരിച്ചറിയൽ കാർഡും അടിസ്ഥാന മാനദണ്ഡമാണ്. തിരഞ്ഞെടുപ്പുഫലം വരുന്നതുവരെ ഇതേപ്പറ്റിയുള്ള വാർത്തകളും പ്രവചനങ്ങളും വാഗ്ദാനങ്ങളും കാത്തിരിപ്പും തുടരും.

ജീവിതത്തിൽ നാം നടത്തുന്ന ചില നിർണ്ണായക തിരഞ്ഞെടുപ്പുകളുണ്ട്. അവയുടെ ഫലങ്ങൾ ചിലത് ഈ ലോകത്തും ചിലതു വരാനിരിക്കുന ലോകത്തുമായിരിക്കും ലഭിക്കുക എന്നുമാത്രം! വിവിധ ഘട്ടങ്ങളിൽ നാം നടത്തിയ തിരഞ്ഞെടുപ്പുകളുടെ ഫലമാണ് നിത്യാനന്ദം എന്നു സഭാമാതാവ് നമ്മെ അനുസ്മരിപ്പിക്കുന്ന പള്ളിക്കൂദാശക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. മണവാളനായ മിശിഹായോടൊത്തു മണവറയിൽ പ്രവേശിക്കാൻ മണവാട്ടിയായ തിരുസഭ അണിഞ്ഞൊരുങ്ങി നിൽക്കുകയാണ്. ഈ ആനന്ദത്തിൽ നാം പങ്കുചേരണമോ എന്ന് തീരുമാനിക്കുന്നത് ജീവിതകാലത്ത് നാം ചെയ്യുന്ന സൽകൃത്യങ്ങളാണ്.

പൗരത്വം പ്രധാന പ്രശ്നമായി മാറിയിരിക്കുന്ന ഈ കാലത്ത് എന്റെ പൗരത്വം ഞാൻ എങ്ങനെ ജീവിക്കുന്നു എന്നതു വിചിന്തനവിഷയമാക്കണം. ദൈവഹിതം മാത്രം നിറവേറ്റി ജീവിക്കുന്ന (2 തിമോ 2,4) ഒരു വ്യക്തി തീർച്ചയായും നിത്യ സൗഭാഗ്യത്തിന് അർഹനാണ്. കറ കൂടാതെ, നിർമലമായി നാം കാത്തുസൂക്ഷിച്ച മാമോദീസായിലെ നമ്മുടെ വെള്ളവസ്ത്രം നമുക്കുള്ള തിരിച്ചറിയൽ രേഖയാണ്. നിത്യജീവന്റെ പുസ്തകത്തിൽ ഇടം പിടിക്കണമെങ്കിൽ എന്തുചെയ്യണമെന്ന് സീറോ മലബാർ സഭയുടെ മൃതസംസ്കാര ശുശ്രൂഷയിൽ ഓർമ്മിപ്പിക്കുന്നുണ്ട്: മരണം വരുമൊരുനാൾ ഓർക്കുക മർത്യാ നീ/ കൂടെപ്പോരും നിൻ ജീവിതചെയ്തികളും/ സത്കൃത്യങ്ങൾ ചെയ്യുക നീ അലസത കൂടാതെ.

തീവ്ര വോട്ടർപട്ടിക പരിഷ്കരണത്തിനിടയിൽ, സ്വന്തം പേര് പട്ടികയിൽനിന്നു നഷ്ടപ്പെടാതിരിക്കാൻ ശ്രമിക്കുന്ന നമുക്ക് സ്വർഗീയ പ്രവേശനത്തിനുള്ള പട്ടികയിൽ ഇടം പിടിക്കാൻ അതിതീവ്രമായി പരിശ്രമിക്കാം.

ചീഫ് എഡിറ്റർ



സെനകളിൽ ആദ്ധ്യാത്മികത – 104

# സഭ ദൈവാലയം സ്വർഗം

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

**മി**ശിഹാതന്നെയാണ് പുതിയനിയമ ദൈവാലയം. ദൈവാലയശുദ്ധീകരണം നടത്തുവാനുള്ള അവിടുത്തെ അധികാരം ചോദ്യം ചെയ്യപ്പെട്ടപ്പോൾ ഈശോ പറഞ്ഞ വാക്കുകൾ ഇതു സൂചിപ്പിക്കുന്നുണ്ട്. “ഇതു ചെയ്യുവാൻ നിനക്കധികാരമുണ്ടെന്നതിന് എന്തടയാളമാണ് നീ ഞങ്ങളെ കാണിക്കുക?” എന്ന് യഹൂദർ ചോദിച്ചപ്പോൾ ഈശോ മറുപടി പറഞ്ഞതിപ്രകാരമാണ്: “നിങ്ങൾ ഈ ദൈവാലയം നശിപ്പിക്കുക; മൂന്നു ദിവസത്തിനകം ഞാൻ അതു പുനരുദ്ധരിക്കും” (യോഹ 2,18-19). “ഈശോ മരിച്ചവരിൽനിന്ന് ഉയിർപ്പിക്കപ്പെട്ടപ്പോൾ, അവന്റെ ശിഷ്യന്മാർ അവൻ ഇതു പറഞ്ഞിരുന്നു എന്ന് ഓർമ്മിക്കുകയും, അങ്ങനെ വിശുദ്ധ ലിഖിതവും ഈശോ പ്രസ്താവിച്ച വചനവും വിശ്വസിക്കുകയും ചെയ്തു” (യോഹ 1,22). മൂന്നു ദിവസംകൊണ്ടു പുനരുദ്ധരിക്കുന്ന ദൈവാലയം മിശിഹായുടെ ശരീരമാണ്, അഥവാ ഉത്ഥിതനായ മിശിഹാതന്നെയാണ്. ഇതു ശിഷ്യന്മാർ മനസ്സിലാക്കിയത് ഈശോയുടെ ഉത്ഥാനത്തിനുശേഷമാണ്. ഉത്ഥിതനായ മിശിഹായിലൂടെയും മിശിഹായോടൊത്തുമാണ് യഥാർത്ഥ ആരാധന നടക്കേണ്ടത്.

## മിശിഹായിലുള്ള ജീവിതം

പുതിയ ദൈവാലയമാകുന്ന മിശിഹായിൽ കേന്ദ്രീകൃതമായ ക്രിസ്തീയജീവിതത്തിന് മൂന്നു മാനങ്ങൾ ഉള്ളതായി പുതിയനിയമം സാക്ഷ്യപ്പെടുത്തുന്നു. 1. സഭയാകുന്ന ദൈവാലയം; 2. ക്രൈസ്തവവിശ്വാസിയാകുന്ന ദൈവാലയം; 3. സ്വർഗീയസഭയാകുന്ന ദൈവാലയം. ഉത്ഥിതനായ മിശിഹായുടെ ശരീരമാണ് സഭ. അതുകൊണ്ട് പുതിയ ദൈവാലയമായ മിശിഹായുടെ

ശരീരം പ്രായോഗികമായും ദൃശ്യമായും യാഥാർത്ഥ്യമാകുന്നത് സഭയിലാണ്. പുതിയ ദൈവാലയമായ മിശിഹായുടെ ആത്മാവ് ഓരോ ക്രൈസ്തവനിലും വസിക്കുന്നതുകൊണ്ട് ഓരോ ക്രൈസ്തവനും ഒരു ദൈവാലയമാണ്. ഉത്ഥിതനായ മിശിഹാ തന്റെ മഹത്ത്വീകരണത്തിലൂടെയാണ് ദൈവാലയമായിത്തീർന്നത്. അതുകൊണ്ട് ആത്യന്തികമായി സ്വർഗംതന്നെയാണ് മിശിഹായുടെ ശരീരമാകുന്ന ആലയം. ഓരോ ക്രൈസ്തവനും, സഭ മുഴുവനായും മിശിഹായോടൊത്തു മഹത്ത്വീകരിക്കപ്പെടുമ്പോൾ സ്വർഗീയസഭയാകുന്ന ദൈവാലയമായി മാറും.

**സഭ: ദൈവാലയം**

പൗലോസ്ശ്ലീഹാ കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനത്തിൽ ഇപ്രകാരം പറയുന്നു: “നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? ദൈവത്തിന്റെ ആലയം നശിപ്പിക്കുന്നവനെ ദൈവവും നശിപ്പിക്കും. എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്. ആ ആലയം നിങ്ങൾത്തന്നെ” (1 കോറി 3,16-17). സഭ ദൈവത്തിന്റെ അരൂപിയാൽ ജനിച്ചവരുടെയും അരൂപിയിലുള്ള ജീവിതം നയിക്കുന്നവരുടെയും സമൂഹമായതുകൊണ്ട് ദൈവത്തിന്റെ ആലയമാണ്. സഭയിൽ ഭിന്നിപ്പുകളും അനൈക്യവുമുണ്ടായാൽ അതു ദൈവത്തിന്റെ ആലയത്തെ നശിപ്പിക്കും. കാരണം, സ്നേഹമില്ലാത്തിടത്ത് ദൈവമുണ്ടാവുകയില്ല. സഭാംഗങ്ങളുടെ അടിസ്ഥാനപ്രമാണം പരസ്പരസ്നഹമാണ്. പുതിയ ദൈവജനത്തിന്റെ അടിസ്ഥാനപ്രമാണമായി ഈശോ നല്കിയത് പരസ്പരസ്നേഹത്തിന്റെ കല്പനയാണ് (യോഹ 13,34-35). സ്നേഹമില്ലാത്ത സമൂഹത്തിൽ ദൈവാരൂപിയ്ക്കു പ്രവർത്തിക്കാൻ സാധിക്കുകയില്ല. ദൈവത്തിന്റെ ആലയമെന്ന നിലയിൽ നിലനില്ക്കാൻ സഭാസമൂഹത്തിനു സാധ്യമല്ലാതായിത്തീരും.

**ക്രൈസ്തവൻ: ദൈവാലയം**

ദൈവം പരിശുദ്ധനായതുകൊണ്ട് ദൈവത്തിന്റെ ആലയമായ സഭാംഗങ്ങൾ എല്ലാവരും പരിശുദ്ധരായിരിക്കണം. പഴയനിയമ ദൈവജനത്തിന് ദൈവം നല്കിയ കല്പനയായിരുന്നു വിശുദ്ധിയിലേക്കുള്ള വിളി: “കർത്താവു മോശയോട് അരുൾച്ചെയ്തു: ഇസ്രായേൽസമൂഹത്തോടു പറയുക. നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ നിങ്ങളുടെ ദൈവവും കർത്താവുമായ ഞാൻ പരിശുദ്ധനാണ്” (ലേവ്യർ 19,1-2). പുതിയനിയമ ദൈവജനത്തിനും വിശുദ്ധിയിലേക്കുള്ള വിളിയാണ് നല്കപ്പെട്ടിരിക്കുന്നത്: “നിങ്ങളെ വിളിച്ചവൻ പരിശുദ്ധനായിരിക്കുന്നതുപോലെ, എല്ലാ പ്രവൃത്തികളിലും നിങ്ങളും പരിശുദ്ധരായിരിക്കുവിൻ” (1 പത്രോ 1,15). വിശുദ്ധിയ്ക്ക് ഒരു മുഖമേയുള്ളൂ. അതു സ്നേഹത്തിന്റെ മുഖമാണ്. അതുകൊണ്ട് ക്രൈസ്തവരെല്ലാവരും വിശുദ്ധിയിലും സ്നേഹത്തിലും ജീവിച്ച്, വിശുദ്ധരുടെ സമൂഹമായി സഭയെ കെട്ടിപ്പടുക്കുവാൻ പരിശ്രമിക്കണം.

**സ്വർഗം: ദൈവാലയം**

അന്ത്യപ്രഭാഷണത്തിൽ ഈശോ ശ്ലീഹന്മാരോടു പറയുന്നു: “എന്റെ പിതാവിന്റെ ഭവനത്തിൽ അനേകം വാസസ്ഥലങ്ങളുണ്ട്. ... ഞാൻ പോയി നിങ്ങൾക്കു സ്ഥലം ഒരുക്കിക്കഴിയുമ്പോൾ ഞാൻ ആയിരിക്കുന്നിടത്ത് നിങ്ങളും ആയിരിക്കേണ്ടതിന് ഞാൻ വീണ്ടും വന്ന് നിങ്ങളെയും കൂട്ടിക്കൊണ്ടു പോകും” (യോഹ 14,2-3). ‘എന്റെ പിതാവിന്റെ ഭവനം’ എന്നു വിശേഷിപ്പിക്കുന്നത് സ്വർഗത്തെയാണ്. യഹൂദപാരമ്പര്യത്തിലും സ്വർഗത്തെ പിതാവിന്റെ ഭവനമായാണ് വിശേഷിപ്പിക്കുന്നത്. അവിടെ അനേകം വാസസ്ഥലങ്ങളുണ്ടെന്നും അവിടെ തന്റെ ശിഷ്യർക്കു സ്ഥലമൊരുക്കുവാനാണ് അവിടുന്ന് പോകുന്നതെന്നും സ്ഥലമൊരുക്കിക്കഴിയുമ്പോൾ വന്ന്

തന്റെ ശിഷ്യരെയും കൂട്ടിക്കൊണ്ടുപോയി അവരോടൊത്തായിരിക്കുമെന്നും ഈശോ ശിഷ്യർക്ക് ഉറപ്പുകൊടുക്കുകയാണ്. 'വാസസ്ഥലങ്ങൾ' എന്നിവിടെ വിവർത്തനം ചെയ്തിരിക്കുന്നത് ഗ്രീക്കു ഭാഷയിലെ 'മോനായി' എന്ന വാക്കാണ്. ഇത് 'വസിക്കുക' എന്നർത്ഥം വരുന്ന 'മേനെയിൻ' എന്ന ക്രിയയിൽനിന്നും വരുന്നതാണ്. ഈശോയും ശിഷ്യരും തമ്മിലുള്ള സഭാത്മക സഹവാസത്തെ സൂചിപ്പിക്കുവാൻ 'മുന്തിരിച്ചെടിയും ശാഖകളും' എന്ന സുവിശേഷഭാഗത്ത് ഉപയോഗിക്കുന്ന വാക്കാണ് ഇത് (യോഹ 15,1-17). വി. യോഹന്നാന്റെ സുവിശേഷം 14-ാം അദ്ധ്യായം 23-ാം വാക്യത്തിൽ ശിഷ്യരിലുള്ള പിതാവിന്റെയും പുത്രന്റെയും സഹവാസത്തെ കുറിക്കുവാനും ഈ പദം ഏകവചനത്തിൽ ഉപയോഗിച്ചിട്ടുണ്ട്. തന്റെ മരണോത്ഥാനങ്ങളിലൂടെ താൻ മഹത്ത്വപൂർണമായ ദൈവൈക്യത്തിലേക്കുള്ള അഥവാ സ്വർഗത്തിലേക്കുള്ള വഴി തുറക്കുകയാണെന്നും ഈശോ ഇവിടെ പഠിപ്പിക്കുകയാണ്. അപ്രകാരം സ്വർഗം നിത്യദൈവാലയമായി ചിത്രീകരിക്കപ്പെടുന്നു.

### പരിശുദ്ധ കുർബാന: സ്വർഗത്തിന്റെ മുന്നാസ്വാദനം

ത്രിത്വകൂട്ടായ്മയിൽ ഒന്നുചേരുന്നവരുടെ സമൂഹമാണ് സഭ. ഈ ത്രിത്വകൂട്ടായ്മ സ്വർഗീയകൂട്ടായ്മയാണ്. അതിന്റെ മുന്നാസ്വാദനമാണ് പരിശുദ്ധ കുർബാനയാഘോഷം. ത്രിത്വകൂട്ടായ്മയായ സഭ ജന്മംകൊള്ളുന്നത് മാമോദീസായിലാണ്. ഉത്ഥിതനായ ഈശോയുടെ വാക്കുകൾ ഇതു സൂചിപ്പിക്കുന്നുണ്ട്: "ആകയാൽ നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു മാമോദീസാ നല്കുവിൻ" (മത്താ 28,19-20). 'നാമത്തിൽ' എന്നു വിവർത്തനം ചെയ്തിരിക്കുന്നത് 'നാമത്തിലേക്ക്' എന്നർത്ഥം വരുന്ന ഗ്രീക്കുപദമാണ്. മാമോദീസായിലൂടെ നാം ത്രിത്വകൂട്ടായ്മയിലേക്കു പ്രവേശിപ്പിക്കപ്പെടുന്നു എന്നാണ് ഇതു വ്യക്തമാക്കുന്നത്. ഈ കൂട്ടായ്മയുടെ ആഘോഷമാണ് പരിശുദ്ധ കുർബാന. സഭയിൽ നിലവിലിരിക്കുന്ന എല്ലാ ലിറ്റർജികളിലും പരിശുദ്ധ കുർബാനയിലുള്ള ആശീർവാദ പ്രാർത്ഥന ഇതു സൂചിപ്പിക്കുന്നുണ്ട്. "നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നാമെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ" (2 കോറി 13,13). പരിശുദ്ധ കുർബാനയിൽ നവീകരിക്കപ്പെടുന്ന ഈ ത്രിത്വൈക ദൈവികകൂട്ടായ്മ സ്വർഗീയ സൗഭാഗ്യത്തിന്റെ മുന്നാസ്വാദനമാണ്.

### പരിശുദ്ധ കുർബാന: ത്രിത്വാത്മക ആരാധന

സമറിയാക്കാരി സ്ത്രീയുമായുള്ള സംഭാഷണത്തിൽ ഈശോ പറയുന്നു: "യഥാർത്ഥ ആരാധകർ ആത്മാവിലും സത്യത്തിലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു. അല്ല, അത് ഇപ്പോൾത്തന്നെയാണ്. യഥാർത്ഥത്തിൽ അങ്ങനെയുള്ള ആരാധകരെത്തന്നെയാണ് പിതാവ് അന്വേഷിക്കുന്നതും. ദൈവം അരൂപിയാണ്. അവിടുത്തെ ആരാധിക്കുന്നവർ അരൂപിയിലും സത്യത്തിലുമാണ് ആരാധിക്കേണ്ടത്" (യോഹ 4,23-24). നാം അനുദിനം അർപ്പിക്കുന്ന പരിശുദ്ധ കുർബാനയിലാണ് ഈ ആരാധന അന്വർത്ഥമാകുന്നത്. പരിശുദ്ധാത്മാവിൽ ജനിച്ച്, വചനമാകുന്ന മിശിഹായെ സ്വീകരിച്ച്, പിതാവായ ദൈവത്തിന്റെ പുത്രരായി ജീവിക്കുന്നവരുടെ സമൂഹമാണല്ലോ സഭ. ഈ സഭാത്മക, ത്രിത്വാത്മക കൂട്ടായ്മയുടെ ആഘോഷമാണ് പരിശുദ്ധ കുർബാന. ഈ സഭാത്മകവും ത്രിത്വാത്മകവുമായ കൂട്ടായ്മയുടെ അന്ത്യാത്മക അവസ്ഥാവിശേഷമാണ് സ്വർഗം. അതുകൊണ്ട് ത്രിത്വാത്മക ആരാധനയായ പരിശുദ്ധ കുർബാനാനുഭവത്തിലൂടെ സഭാകൂട്ടായ്മയിൽ വളർന്ന് സ്വർഗീയകൂട്ടായ്മയിൽ എത്തിച്ചേരുവാൻ സഭാംഗങ്ങൾ എല്ലാവരും ആത്മാർത്ഥമായി പരിശ്രമിക്കണം.

# സഭയുടെ സ്വഭാവങ്ങളിലൂടെ വിരചിതമാകുന്ന ആരാധനാജീവിതം



റവ. ഫാ. തോമസ് കൊട്ടുപ്പള്ളി MCBS

സഭയെക്കുറിച്ചു ചിന്തിക്കുകയും ധ്യാനിക്കുകയും ചെയ്യുന്ന ആരാധനാവത്സരത്തിലെ അവസാന കാലഘട്ടമായ പള്ളിക്കൂദാശക്കാലത്തിലേക്കു പ്രവേശിക്കുമ്പോൾ സഭയുടെ സ്വഭാവംതന്നെയാണ് ഓരോ സഭാവിശ്വാസിയുടെയും ആരാധനാജീവിതത്തിന്റെ കാതൽ എന്നു തിരിച്ചറിയുന്നിടത്താണ് സഭാകേന്ദ്രീകൃതമായ ആരാധനാജീവിതത്തിനു ജീവൻ വയ്ക്കുന്നത്. സഭയുടെ നാല് സ്വഭാവങ്ങളായ ഏകത, വിശുദ്ധി, സാർവത്രികത, ശ്ലൈഹികത എന്നിവ ആരാധനാജീവിതം നയിക്കുന്നവരുടെയും ജീവിതത്തിന്റെ ശൈലിയും അടിസ്ഥാനപ്രമാണങ്ങളുമാണ്.

**ഏകമായ സഭയും ആരാധനാജീവിതവും**

ത്രിത്വൈകദൈവം ഒന്നായിരിക്കുന്നതുപോലെ സഭയും ഏകമാണ്. അതുകൊണ്ടുതന്നെ സഭയോടു ചേർന്നുനിന്ന് ആരാധനാജീവിതം നയിക്കുന്നവരും സഭയുടെ ഈ ഏകത്വത്തെ സ്വന്തജീവിതത്തിലൂടെ പ്രഘോഷിക്കുന്നവരാണ്. ലോകത്തെവിടെയുമുള്ള കത്തോലിക്കാവിശ്വാസികൾ ആഘോഷിക്കുന്നതും ഒറ്റ രഹസ്യംമാത്രമാണ് - നമ്മുടെ കർത്താവായ മിശിഹായുടെ രക്ഷാകര രഹസ്യങ്ങൾ. കാലത്തിന്റെയും ദേശത്തിന്റെയും സംസ്കാരത്തിന്റെയും ഭാഷയുടെയും വ്യത്യസ്തതകൾക്കനുസരിച്ച് അനുഷ്ഠാനരീതികളിൽ വ്യത്യാസമുണ്ടെങ്കിലും

സഭയ്ക്ക് ലോകമെമ്പാടും അനുഷ്ഠിക്കാനും ആഘോഷിക്കാനുമുള്ളത് ഒറ്റക്കാര്യം മാത്രം. അത് ഈശോയുടെ ജനനത്തിലൂടെയും പരസ്യജീവിതത്തിലൂടെയും പീഡാസഹനത്തിലൂടെയും മരണത്തിലൂടെയും സംസ്കാരത്തിലൂടെയും ഉത്ഥാനത്തിലൂടെയും സ്വർഗാരോഹണത്തിലൂടെയും പൂർത്തിയായതും, രണ്ടാം വരവിലൂടെ പൂർത്തിയാകേണ്ടതുമായ മിശിഹാരഹസ്യങ്ങളാണ്. ആരാധനാജീവിതത്തിന്റെ അടിസ്ഥാനഘടകങ്ങളായ കൂദാശകളും യാമപ്രാർത്ഥനകളും കൂദാശാനുകരണങ്ങളും ഭക്താഭ്യാസങ്ങളുമെല്ലാം സഭ നിർദ്ദേശിക്കുന്നതും വ്യാഖ്യാനിക്കുന്നതുമായ രീതിയിൽ അനുഷ്ഠിക്കുന്നതിലൂടെ ഏക സഭയിലെ അംഗങ്ങളാണ് നാമോരോരുത്തരും എന്ന് ഉറക്കെ പ്രഖ്യാപിക്കുന്നവരായി നാം തീരുന്നു.

സഭയുടെ ഏകതയുടെ ഈ സ്വഭാവം ഏറ്റവും വ്യക്തവും സ്പഷ്ടവുമായി പ്രകടിപ്പിക്കുന്ന ഇടമാണ് പരിശുദ്ധ കുർബാന. ഒരേ മനസ്സോടും ഒരേ ആത്മാവോടുംകൂടി ആരാധനാസമൂഹം സഭയോടുചേർന്ന് മിശിഹാരഹസ്യങ്ങളെ അനുസ്മരിച്ച് ആഘോഷിച്ച് ഒരേ അപ്പത്തിൽനിന്നു ഭക്ഷിക്കുന്നു. പരിശുദ്ധ കുർബാനയിൽ ഒരേ അപ്പത്തിൽനിന്നും ഒരേ കാസയിൽനിന്നും ഭക്ഷിക്കുകയും പാനം ചെയ്യുകയും ചെയ്യുന്നവർ ഏകമായ സഭയിലൂടെ രക്ഷ അനുഭവിച്ചറിയുന്നവരും അതുവഴിയായി ഏകദൈവമായ ത്രിത്വൈക ദൈവത്തിലുള്ള തങ്ങളുടെ വിശ്വാസം ഏറ്റുപറയുന്നവരുമാണ്.

**സഭയുടെ വിശുദ്ധി ആരാധനാജീവിതത്തിൽ**

സഭ വിശുദ്ധയാണ്, വിശുദ്ധിയുടെ ഭണ്ഡാഗാരമാണ്. മണവാളനായ മിശിഹായുടെ വിശുദ്ധിയിൽ പങ്കുചേരുക എന്നതാണ് മണവാട്ടിയായ സഭയുടെ ദൗത്യം. വിശുദ്ധിയുടെ ഉറവിടമായ മിശിഹാ സ്ഥാപിച്ചതായതുകൊണ്ടുതന്നെ സഭയുടെ സ്വഭാവം വിശുദ്ധിയുടേതാണ്; കാരണം മിശിഹാ സ്ഥാപിച്ചതെല്ലാം വിശുദ്ധമാണ്. ഈശോ സ്ഥാപിച്ച സഭ വിശുദ്ധമായതുകൊണ്ടുതന്നെ സഭയിലെ അംഗങ്ങളെല്ലാം വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരുമാണ്. സഭയുടെ ഊർജ്ജം എന്നു പറയുന്നത് സഭയിലെ വിശുദ്ധരുടെ എണ്ണത്തിന്റെ വർദ്ധനവാണ്. അതുകൊണ്ടുതന്നെ സഭയുടെ പ്രവർത്തനങ്ങളെല്ലാം അതിലെ അംഗങ്ങളെ വിശുദ്ധീകരിക്കത്തക്കവിധത്തിൽ രൂപം കൊടുത്തിട്ടുള്ളതുമാണ്. ഈ വിശുദ്ധീകരണപ്രക്രിയ ഒരു വ്യക്തിയുടെ ജനനംമുതൽ മരണം വരെ ഓരോരോ ഘട്ടത്തിലും കൂദാശകളിലൂടെ സഭ നിർവഹിക്കുന്നു. യാമപ്രാർത്ഥനകളിലൂടെ ഓരോ ദിവസത്തെയും ഓരോ മണിക്കൂറിനെയും ഓരോ നിമിഷത്തെയും വിശുദ്ധീകരിച്ചുകൊണ്ട് ദൈനംദിനജീവിതത്തെ നിർമലമായി കാത്തുകൊള്ളുന്നു. കൂദാശാനുകരണങ്ങളിലൂടെ വ്യക്തികളുടെയും വസ്തുക്കളുടെയും സ്ഥലങ്ങളുടെയും വിശുദ്ധീകരണപ്രക്രിയ സഭ തുടർന്നുകൊണ്ടിരിക്കുന്നു. കൂദാശകളിലൂടെ നേടുന്ന വിശുദ്ധിയെ വ്യത്യസ്തമായ ഭക്തകൃത്യങ്ങളിലൂടെ പരിപോഷിപ്പിക്കുകയും അതിനെ വർദ്ധിതമാക്കുകയും ചെയ്യുന്നതുവഴി ഓരോ വ്യക്തിയും സഭയുടെ വിശുദ്ധിയെന്ന സ്വഭാവത്തിൽ തന്റെ ജീവിതത്തിലൂടെ മനോഹരമായ വർണങ്ങൾ കോറിയിടുന്നു.

പരിശുദ്ധ കുർബാനയാണ് സഭയുടെ ഈ വിശുദ്ധീകരണപ്രക്രിയയുടെ ഉറവിടവും ഊർജ്ജവും. അനുദിന ബലിയർപ്പണത്തിൽ പങ്കെടുത്ത് കുമ്പസാരത്തിലൂടെയും കുർബാനയിലെ പാപമോചനത്തിലൂടെയും തന്നെത്തന്നെ നിർമലമാക്കി യോഗ്യതയോടെ പരിശുദ്ധ കുർബാന സ്വീകരിക്കുന്ന ഒരു വ്യക്തിയെ സംബന്ധിച്ചിടത്തോളം കുർബാന അയാളുടെ വിശുദ്ധ ജീവിതത്തിന്റെ നേർസാക്ഷ്യമായിത്തീരുന്നു. അതുകൊണ്ടാണ് പിതാക്കന്മാർ നമ്മെ ഓർമ്മപ്പെടുത്തുന്നത്, നാമനുഷ്ഠിക്കുന്ന ആയിരം ഭക്തകൃത്യങ്ങളെക്കാൾ യോഗ്യയോടുകൂടി നാമർപ്പി

ക്കുന്ന ഒരു കുർബാനയർപ്പണം മതി നമ്മെ സ്വർഗത്തിലെത്തിക്കാൻ എന്ന്. കുർബാനയർപ്പിക്കുന്നവർക്ക്, കുർബാന സ്വീകരിക്കുന്നവർക്ക് വിശുദ്ധി അവരുടെ സ്വഭാവത്തിന്റെ ഭാഗമാകണമെന്നതുകൊണ്ടാണ് സീറോ മലബാർ സഭയുടെ കുർബാനക്രമത്തിൽ കുർബാനസ്വീകരണത്തിനൊരുക്കമായി "വിശുദ്ധ കുർബാന വിശുദ്ധ ജനത്തിനുള്ളതാണ്" എന്ന് കാർമ്മികൻ ആഹ്വാനം ചെയ്യുന്നത്.

## ശ്ലൈഹിക പിന്തുടർച്ചയിൽ പരിപോഷിക്കപ്പെടുന്ന ആരാധനാജീവിതം

ഈശോമിശിഹാ സ്ഥാപിച്ച് ഈശോയുടെ ശ്ലീഹന്മാരും അവരുടെ പിൻഗാമികളും ലോകമെമ്പാടും മിശിഹായ്ക്കു സാക്ഷ്യം വഹിച്ചതാണ് സഭയുടെ ചരിത്രം. സഭയുടെ ആധികാരികതയുടെ ഏറ്റം മനോഹരമായ അടയാളമാണ് ഈ ശ്ലൈഹികത. ശിഷ്യഗണത്തെ പ്രേഷിതദൗത്യം ഏല്പിച്ചുകൊണ്ട്, താൻ സ്ഥാപിച്ച സഭയെ ശിഷ്യരുടെ കൈകളിലേല്പിച്ചുകൊണ്ട് ഈശോ ഇപ്രകാരം പറയുന്നുണ്ട്: "നിങ്ങൾ ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിക്കുവിൻ" (മർക്കോ 16,15). ഈശോയുടെ ഈ ആഹ്വാനം ശിഷ്യന്മാർ ശിരസ്സാൽ വഹിച്ചപ്പോൾ സഭ ലോകമെങ്ങും പടർന്നു പന്തലിച്ചു. മാർപാപ്പാമാരും മെത്രാന്മാരും, തുടർന്ന് അവരുടെ നേതൃത്വത്തിൽ വൈദികരും സമർപ്പിതരും അല്മായരുമെല്ലാം ഈ ശ്ലൈഹികപിന്തുടർച്ചയോടു ചേർന്ന് വിധേയത്വത്തോടുകൂടി പ്രേഷിതപ്രവർത്തനത്തിൽ ഏർപ്പെട്ടതിന്റെ നേർസാക്ഷ്യമാണ് ലോകത്തിന്റെ എല്ലാ കോണുകളിലും മിശിഹാ കാണിച്ചുതന്ന സുവിശേഷമാതൃകയിൽ സഭ ദൈവരാജ്യം സംജാതമാക്കിത്തീർക്കുന്നത്.



സഭയുടെ ശ്ലൈഹികസ്വഭാവം ഏറ്റം മനോഹരമായ രീതിയിൽ പ്രകടിപ്പിക്കുന്ന ഇടമാണ് ഓരോ പരിശുദ്ധ കുർബാനയർപ്പണവും. ഓരോ ശ്ലീഹന്മാരിലൂടെയും കൈമാറപ്പെട്ട മിശിഹാരഹസ്യത്തിന്റെ ആഘോഷവും അനുസ്മരണവുമാണ് പരിശുദ്ധ കുർബാനയിൽ സംഭവിക്കുന്നത്. തോമാശ്ലീഹായിലൂടെ കൈമാറപ്പെട്ട വിശ്വാസപൈതൃകം പൗരസ്ത്യ സുറിയാനി ആരാധനക്രമത്തിലൂടെ, ആദ്ധ്യാത്മികതയിലൂടെ സീറോ മലബാർ സഭയുടെ പരിശുദ്ധ കുർബാനയിലൂടെയും യാമപ്രാർത്ഥനയിലൂടെയും മറ്റു ഭക്തകൃത്യങ്ങളിലൂടെയുമെല്ലാം ഇന്നും തുടർന്നുകൊണ്ടിരിക്കുന്നു. നമ്മുടെ പരിശുദ്ധ കുർബാനയിൽ വളരെ പ്രകടമായ വിധത്തിൽ ഈ ശ്ലൈഹിക പിന്തുടർച്ചയെ നമ്മൾ പ്രഘോഷിക്കുന്നുണ്ട്. അദ്ദായി-മാറി അനാഫൊറയിലെ നാലാം ഗ്ഹാന്താ പ്രാർത്ഥനയിൽ കാർമ്മികൻ ഇപ്രകാരം പ്രാർത്ഥിക്കുന്നു: "എളിയവരും ബലഹീനരും ക്ലേശിതരുമായ ഈ ദാസരും അങ്ങു നല്കിയ മാതൃക പരമ്പരാഗതമായി സ്വീകരിച്ച് അങ്ങയുടെ നാമത്തിൽ ഒരുമിച്ചുകൂടി ഇപ്പോൾ തിരുസന്നിധിയിൽ നിൽക്കുന്നു". അതോടൊപ്പം കാറോസൂസാ പ്രാർത്ഥനയിലും മദ്ധ്യസ്ഥ പ്രാർത്ഥനയിലും മാർപാപ്പായുടെയും മേജർ ആർച്ചുബിഷപ്പിന്റെയും ആർച്ചുബിഷപ്പിന്റെയും നിശ്ചിത രൂപതയിലെ മെത്രാന്റെയും പേരു പറഞ്ഞു പ്രാർത്ഥിക്കുന്നതുവഴി ശ്ലൈഹികപിന്തുടർച്ചയുടെ ഭാഗഭാക്കുകളായി നിന്നുകൊണ്ടാണ് തങ്ങളും ബലിയർപ്പിക്കുന്നതെന്ന് കാർമ്മികനും ദൈവജനവും വ്യക്തമാക്കുന്നു. ഇപ്രകാരം സഭയുടെ

ശ്ലൈഹിക പാരമ്പര്യം എന്നത് ദൈവജനത്തിന്റെ ആരാധനാജീവിതത്തിന്റെ അടിസ്ഥാനപ്രമാണമാണ്.

### സഭയുടെ സാർവത്രികത ആരാധനാജീവിതത്തിലൂടെ പ്രകടമാകുന്നു

സഭ സ്വഭാവത്താലെ സാർവത്രികമായതുകൊണ്ടാണ് സഭയെ നാം 'കാത്തലിക്' അഥവാ കത്തോലിക്കാസഭ എന്നു വിളിക്കുന്നത്. ലത്തീൻ, അന്ത്യോക്യൻ, അലക്സാണ്ഡ്രിയൻ, പൗരസ്ത്യസുറിയാനി, അർമേനിയൻ, ബൈസന്റൈൻ എന്നിങ്ങനെ ആറ് ആരാധനക്രമത്തിൽപെട്ട 24 സ്വയംഭരണാധികാരമുള്ള സഭകളുടെ കൂട്ടായ്മയാണ് കത്തോലിക്കാസഭ. ഇവിടുത്തെ പ്രത്യേകത എന്താണെന്നു ചോദിച്ചാൽ, ഈ 24 സഭകളും പ്രഘോഷിക്കുന്നതും ആഘോഷിക്കുന്നതും ഒരേ മിശിഹാരഹസ്യങ്ങൾതന്നെയാണെങ്കിലും ഓരോ സഭകളുടെയും സാംസ്കാരികവും ഭാഷാപരവും പരമ്പരാഗതവുമായ പ്രത്യേകതകളെ ഉപയോഗിച്ചുകൊണ്ടാണ് ആ സഭകൾ അവർ നിലനില്ക്കുന്ന ഇടങ്ങളിൽ മിശിഹാരഹസ്യങ്ങൾക്കു സാക്ഷ്യം വഹിക്കുന്നത്. വ്യത്യസ്തമായ സ്ഥലങ്ങളിലെ സംസ്കാരവും ഭാഷയും പാരമ്പര്യങ്ങളും മിശിഹാരഹസ്യത്തെ പ്രഘോഷിക്കുന്നതു പ്രോത്സാഹിപ്പിക്കുന്ന നിലപാടാണ് കത്തോലിക്കാസഭ എന്നും എടുത്തിട്ടുള്ളത്. ഇങ്ങനെ സാർവത്രികമായി ചിന്തിക്കുന്ന സഭ പ്രധാനമായും 4 തലത്തിലുള്ള വ്യത്യസ്തതകളെയാണ് ഉൾക്കൊള്ളുന്നത്. 1. ആരാധനക്രമം: ഓരോ വ്യക്തിസഭയുടെയും കർമ്മാനുഷ്ഠാനങ്ങൾ, പ്രതീകങ്ങൾ, പ്രാർത്ഥനകൾ, തിരുവസ്ത്രങ്ങൾ എന്നിവ മറ്റുള്ളതിൽനിന്നു വ്യത്യസ്തമായിരിക്കും. 2. ദൈവശാസ്ത്രം: വെളിപ്പെടുത്തപ്പെട്ട ദൈവികരഹസ്യങ്ങൾ കലർപ്പില്ലാതെ വ്യാഖ്യാനിക്കുകയാണ് ഓരോ സഭയും ചെയ്യുന്നത്. ഓരോ പ്രാദേശികസമൂഹത്തിന്റെയും ജീവിതാനുഭവങ്ങളും പാരമ്പര്യങ്ങളും തനതായ ദൈവശാസ്ത്രം വളർത്തിയെടുക്കുന്നതിന് സഹായിക്കുന്നു. 3. ആദ്ധ്യാത്മികത: ഓരോ വ്യക്തിസഭയും അതിന്റെ സ്ഥാപകനായ ശ്ലീഹായുടെ മിശിഹാനുഭവവും സഭാപിതാക്കന്മാരുടെയും വിശുദ്ധരുടെയും ആത്മീയതയും കാത്തുസൂക്ഷിച്ച് സ്വകീയമായ ഒരു ആത്മീയശൈലി രൂപപ്പെടുത്തുന്നു. 4. ഭരണസംവിധാനം: ഓരോ വ്യക്തിസഭയ്ക്കും അതിന്റേതായ ഭരണസംവിധാനങ്ങളും ശൈലികളും ഉണ്ടായിരിക്കും. നമ്മുടെ നസ്രാണിപാരമ്പര്യത്തിൽ നിലനില്ക്കുന്ന, ഇന്നും കാത്തുസൂക്ഷിക്കുന്ന ഇടവക പൊതുയോഗങ്ങൾ ഇതിനുള്ള മികച്ച ഉദാഹരണങ്ങളാണ്. ഇങ്ങനെ ആരാധനക്രമപരവും ദൈവശാസ്ത്രപരവും ആദ്ധ്യാത്മകവും ഭരണപരവുമായ വ്യത്യസ്തതകളെ അംഗീകരിച്ച്, ഒരേ മിശിഹാരഹസ്യം വ്യത്യസ്ത രീതിയിലും ഭാവത്തിലും ജീവിക്കുന്ന, ലോകം മുഴുവൻ വ്യാപിച്ചുകിടക്കുന്ന സഭകളുടെ ഒരു കൂട്ടായ്മയായതുകൊണ്ടാണ് കത്തോലിക്കാസഭ ആ പേരു സൂചിപ്പിക്കുന്നതുപോലെ കാതോലികം അഥവാ സാർവത്രികം ആയി നിലകൊള്ളുന്നത്.

### ഉപസംഹാരം

സഭയുടെ സ്വഭാവങ്ങളായ ഏകത, വിശുദ്ധം, ശ്ലൈഹികത, സാർവത്രികത എന്നിവയും ഇവയിലൂടെ കരുപ്പിടിപ്പിക്കപ്പെടുന്ന ആരാധനാജീവിതവും സഭയോടൊത്തു ചിന്തിക്കാനും പ്രവർത്തിക്കാനും നമ്മെ പ്രാപ്തരാക്കുന്നു. ഈ ലോകത്തിൽ മിശിഹായോടൊത്തു ജീവിതം നയിക്കാൻ ആഗ്രഹിക്കുന്നവർക്കുള്ള ഏറ്റവും സുരക്ഷിതവും സമഗ്രവുമായ വഴിയാണ് തിരുസഭയുടെ വഴി. മിശിഹായിലൂടെ പൂർത്തിയായ രക്ഷ അനുഭവിച്ചറിയാൻ ആഗ്രഹിക്കുന്നവർക്കുള്ള ഇടവും സഭയാണ്. ഈ ലോകത്തിൽ സഭയോടൊത്തു ചിന്തിച്ച് പ്രവർത്തിക്കുന്നവർക്ക് പരലോകത്തിൽ ത്രിത്വൈകദൈവത്തോടൊപ്പം ആനന്ദം അനുഭവിക്കാൻ സാധിക്കും. അതുകൊണ്ട് നമുക്ക് സഭയെ സ്നേഹിക്കാം, സഭയുടെ പ്രവർത്തനങ്ങളിൽ തീക്ഷ്ണതയോടെ പങ്കുചേരാം.

# പ്രത്യാശിക്കുന്ന ഇടം



**സിജി കുന്നത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

സഭാമക്കളെ കാത്തിരിക്കുന്ന നിത്യസൗഭാഗ്യത്തിന്റെ മുന്നാസ്വാദനം നൽകുന്ന മനോഹരമായ പള്ളിക്കൂദാശാക്കാലത്തിലേക്ക് നാം പ്രവേശിക്കുന്നു. സഭാമക്കൾ മുഴുവനും വിശ്വാസതീർത്ഥാടനം നടത്തുന്നത് ഈ സ്വർഗീയജറുസലേം മുന്നിൽ കണ്ടുകൊണ്ടാണ്. ഓരോ കുഞ്ഞും തിരുസഭയുടെ സ്വന്തമാകുമ്പോൾ അവൻ സ്വർഗത്തിലേക്കാണു പിറന്നുവീഴുന്നത്. വെറും മണ്ണിൽനിന്നും പിറന്നിട്ടും ദൈവികശ്വാസത്താൽ ഉന്നതനാക്കപ്പെടുന്നവനാണ് മനുഷ്യൻ. ഈ മനുഷ്യനായി കാത്തിരിക്കുന്ന ഒരു ദൈവമുണ്ടെന്നും ഈ ഭൗമികലോകം നന്മനിറഞ്ഞതാക്കിയാൽ അവനു സ്വർഗ്ഗം ഉറപ്പാണെന്നും ഒരുവനു ബോധ്യമാകുമ്പോഴേക്കും, പലപ്പോഴും, സമയം അതിക്രമിച്ചിരിക്കും. ഈ ലോകജീവിതം നശ്വരമായിരിക്കെ അതിലെ പല വസ്തുക്കളാലും വ്യക്തികളാലും നാം ആകർഷിതരാകപ്പെടുകയാണ്.

ജീവിതംമുഴുവനും ദൈവത്തിന്റെയാണ്. ദൈവസാന്നിദ്ധ്യത്താൽ ജനിച്ച നമ്മുടെ മരണവും അവന്റെ സാന്നിദ്ധ്യാവബോധത്തിലായിരിക്കണം. ദൈവം അറിയാതെ ജീവിതത്തിൽ ഒന്നും സംഭവിക്കില്ല എന്നു പറയുമ്പോഴും ദൈവം ലോകത്തിൽ തിന്മ അനുവദിക്കുന്നു എന്നൊരു ചിന്ത കടന്നുവരാം. എന്തുകൊണ്ട് നന്നേ ചെറുപ്പത്തിലെ പലരും ഇഹലോകം വെടിയുന്നു...? അനേകരുടെ കണ്ണു നിറയുന്ന അനവധി കാഴ്ചകൾ കാണാനിടയാകുമ്പോൾ ചിന്തിക്കാറുണ്ട്, ദൈവം കരുണയില്ലാത്തവനോ എന്ന്. ചെറുപ്പക്കാരായ പലരും പറക്കമുറ്റാത്ത തങ്ങളുടെ കുഞ്ഞുങ്ങളെ വിട്ട് മരണത്തെ പുൽകുമ്പോൾ അതു സ്വർഗയാത്ര തന്നെയോ എന്നു നാം ചിന്തിച്ചുപോകും!

ഈ ലോകത്തിൽ ജന്മം ലഭിക്കുമ്പോൾ ഈ ലോകം വിട്ടുപോകല്ലേ എന്നു മനുഷ്യൻ ചിന്തിക്കും. സ്വർഗത്തെക്കുറിച്ചുള്ള പ്രത്യാശയില്ലാത്തപ്പോഴാണ് ഇവിടെ വിട്ടുപോകുവാൻ മനുഷ്യനു ബുദ്ധിമുട്ടു തോന്നുന്നത്. പ്രഭാഷകവചനം പറയുന്നു: "സ്വർഗ്ഗം എത്ര മഹനീയ ദൃശ്യമാണ്!" (പ്രഭാ 43,1). അതിമനോഹരവും ദൈവസാന്നിധ്യകൂടാരവുമാണവിടം. ദൈവത്തെ യഥാവിധം അവൻ ആയിരിക്കുന്നപോലെ കാണാൻ കഴിയുന്ന ഇടം! വർഷങ്ങളോളം കൂടെനടന്നവരോടു ഗുരു ചോദിക്കുന്നുണ്ട്, "ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? ശിമയോൻ പത്രോസ് പറഞ്ഞു "നീ ജീവനുള്ള ദൈവത്തിൻ പുത്രനായ മിശിഹായാണ്" (മത്താ 16,16). തുടർന്നുള്ള സംഭാഷണത്തിൽ അവിടുന്നു പറയുന്നുണ്ട് "സ്വർഗരാജ്യത്തിന്റ താക്കോലുകൾ നിനക്കു ഞാൻ തരും. നീ ഭൂമിയിൽ കെട്ടുന്നതെല്ലാം സ്വർഗത്തിലും കെട്ടപ്പെട്ടിരിക്കും; നീ ഭൂമിയിൽ അഴിക്കുന്നതെല്ലാം സ്വർഗത്തിലും അഴിക്കപ്പെട്ടിരിക്കും" (മത്താ 16,19). ഈ ലോകത്തിലായിരിക്കുമ്പോൾത്തന്നെ സ്രഷ്ടാവിനെ, രക്ഷകനെ അറിയുക, അവനെ ഏറ്റുപറയുക എന്നത് പ്രാധാന്യമേറിയ കാര്യമാണ്. കർത്താവിനെ തിരിച്ചറിഞ്ഞ ഓരോരുത്തരും അവനെ ഏറ്റുപറയുക വഴി ഇഹത്തിലും പരത്തിലും ഇടം നേടുക തന്നെയാണ് ചെയ്യുന്നത്.

ഈ ലോകത്തിൽ നന്മയായി എന്തുണ്ടോ അതു മാത്രമേ വരും ലോകത്തിന് ഉപകരിക്കൂ എന്നുകൂടി മനുഷ്യൻ ചിന്തിക്കേണ്ടതല്ലേ...? ഈ ലോകത്തിൽ നന്മയുടെ തണൽമരങ്ങളാകാനാണു നാം വിളിക്കപ്പെട്ടിരിക്കുന്നത്. അപ്പോൾ വിജാതീയർ പോലും പ്രത്യാശവയ്ക്കുന്ന (മത്താ 12,21) കർത്താവിന്റെ നാമം മഹത്ത്വപ്പെടും. ഈ ലോകത്തിൽ നന്മചെയ്തു കടന്നുപോയവന്റെ യഥാർത്ഥ അനുയായികളും സ്വർഗരാജ്യത്തിൽ അവന്റെ വലത്തുഭാഗത്തണിനിരക്കുന്നവരുമായി നാം മാറും. "ഇതാ, ഞാൻ തിരഞ്ഞെടുത്ത എന്റെ ദാസൻ, എന്റെ ആത്മാവു പ്രസാദിച്ച എന്റെ പ്രിയപ്പെട്ടവൻ" (മത്താ 12, 18) എന്ന് ആരെപ്പറ്റി പറയപ്പെട്ടുവോ അവനെപ്പോലെ, പിതാവു പ്രസാദിക്കുന്ന പ്രിയപുത്രന്മാരും പുത്രിമാരുമായി നാം മാറും.

പൗലോസ്ശ്ലീഹാ പഠിപ്പിക്കുന്നു "നമ്മുടെ പൗരത്വം സ്വർഗത്തിലാണ്" (ഫിലി 3,20). ആയതിനാൽ സ്വർഗം നോക്കി യാത്ര ചെയ്യാം. പ്രതിബന്ധങ്ങളുണ്ടാവും... സ്വാഭാവികമാണവ. "മനുഷ്യസാധാരണമല്ലാത്ത ഒരു പ്രലോഭനവും നിങ്ങൾക്കു നേരിട്ടിട്ടില്ല. ദൈവം വിശ്വസ്തനാണ്. നിങ്ങളുടെ ശക്തിക്കതീതമായ പ്രലോഭനങ്ങൾ ഉണ്ടാകാൻ അവിടുന്നു അനുവദിക്കുകയില്ല. പ്രലോഭനങ്ങൾ ഉണ്ടാകുമ്പോൾ അവയെ അതിജീവിക്കാൻ വേണ്ട ശക്തി അവിടുന്നു നിങ്ങൾക്കു നൽകും" (1 കോറി 10,13). "ദൈവരാജ്യത്തിനുവേണ്ടിയാണല്ലോ നിങ്ങൾ കഷ്ടപ്പാടുകൾ സഹിക്കുന്നത്" (2 തെസ 1,5). ഈ തിരുവചനങ്ങളെല്ലാം നമ്മെ പ്രത്യാശയിലേക്കു നയിക്കുന്നു. അതുകൊണ്ട് ജീവിക്കാനും അതിജീവിക്കാനും കരുത്തു നല്കുന്നവന്റെ കരം ഗ്രഹിക്കാം. വിശുദ്ധിയിൽ മുന്നേറാം. സ്നേഹത്താൽ, കരുണയാൽ, ഹൃദയസ്വാതന്ത്ര്യത്താൽ.... മിശിഹായെപ്പോലെ എല്ലാവരെയും സ്വന്തമാക്കാം... ഈ സ്നേഹകൂട്ടായ്മയിൽ സ്വർഗവും സ്വന്തമാക്കാം.



നിഖ്യ-കോൺസ്റ്റാന്റിനോപ്പിൾ വിശ്വാസപ്രമാണം:
1700-ാം വാർഷികത്തിൽ ഒരു ധ്യാനാത്മക വായന - 07

# ഏകവും പരിശുദ്ധവും ശ്ലൈഹികവും സാർവത്രികവുമായ തിരുസഭ


**റവ. ഫാ. ജോസഫ് ഈറ്റോലിൽ**
**ചങ്ങനാശ്ശേരി അതിരൂപത**


**ആമുഖം**

സഭയുടെ വിശുദ്ധരായ പിതാക്കന്മാർ 17 നൂറ്റാണ്ടുകൾക്കുമുമ്പ് നിഖ്യായിൽ ഒരുമിച്ചുചേർന്നു രൂപപ്പെടുത്തിയ വിശ്വാസപ്രമാണത്തിന്റെ ധ്യാനാത്മകവായന അതിന്റെ അവസാന ഘട്ടത്തിലേക്ക് എത്തിയിരിക്കുന്നു. സ്രഷ്ടാവായ പിതാവിലും രക്ഷകനായ പുത്രനിലും പവിത്രീകരിക്കുന്ന റൂഹായിലുമുള്ള വിശ്വാസം ഏറ്റുപറഞ്ഞതിനുശേഷം തിരുസഭയിലുള്ള വിശ്വാസമാണ് നാം ഏറ്റുപറയുന്നത്. ഈശോമിശിഹാ എവിടെയുണ്ടോ അവിടെ തിരുസഭയുണ്ട് എന്നാണ് സഭാപിതാവായ അന്ത്യോഖ്യായിലെ വിശുദ്ധ ഇഗ്നേഷ്യസ് പറയുന്നത്. തന്റെ മണവാളനായ ഈശോയിലേക്ക് നമ്മെ നയിക്കുന്ന തിരുസഭയെന്ന രഹസ്യത്തെയാണ് ഈ ലേഖനത്തിൽ നാം ധ്യാനിക്കുന്നത്.

**1. തിരുസഭ ഏകമാണ്**

തിരുസഭ ഏകമാകുന്നതിന്റെ അടിസ്ഥാന കാരണം സഭയെ സ്ഥാപിച്ചവൻ ഏകനാണ് എന്നതാണ്. ത്രിയേകദൈവമാണ് തിരുസഭയെ സ്ഥാപിച്ചത്. പിതാവും പുത്രനും പരിശുദ്ധ

റൂഹായും മൂന്നു വ്യക്തികളാണെങ്കിലും അവർ സ്നേഹത്തിൽ ഒന്നുചേർന്ന് ഒരേ ദൈവസ്വഭാവത്തിൽ ഒന്നായിരിക്കുന്നവരാണ്. അതേപോലെ തിരുസഭയും ഒന്നാണ്. അവസാന അത്താഴത്തിലെ പുരോഹിതപ്രാർത്ഥനയിൽ ഈശോ ഇങ്ങനെ പ്രാർത്ഥിച്ചു: "അവരെല്ലാവരും ഒന്നായിരിക്കാൻവേണ്ടി, പിതാവേ, അങ്ങ് എന്നിലും ഞാൻ അങ്ങയിലും ആയിരിക്കുന്നതുപോലെ അവരും നമ്മിൽ ആയിരിക്കുന്നതിനും അങ്ങനെ അവിടുന്ന് എന്നെ അയച്ചുവെന്നു ലോകം അറിയുന്നതിനുംവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നു. നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നായിരിക്കുന്നതിന് അങ്ങ് എനിക്കു തന്ന മഹത്ത്വം അവർക്കു ഞാൻ നൽകിയിരിക്കുന്നു" (യോഹ 17,21-22). തിരുസഭ ഒന്നായിരിക്കുകയെന്നത് മിശിഹായുടെ ആഗ്രഹമായിരുന്നു. പത്രോസിനോട് ഈശോ പറയുന്നത് "ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും" എന്നാണ്. ഒരു സഭ സ്ഥാപിക്കും എന്നാണ് ഈശോ പറയുന്നത്; പല സഭകൾ സ്ഥാപിക്കുമെന്നല്ല. വിശുദ്ധ തോമസ് അക്വീനാസ് പറയുന്നു സഭ ഏകമായിരിക്കുന്നത് അവളുടെ വിശ്വാസത്തിലെയും പ്രത്യാശയിലെയും സ്നേഹത്തിലെയും ഏകത്വം കൊണ്ടാണെന്ന്. സഭയ്ക്ക് ഒരു വിശ്വാസമേയുള്ളു. ഒരേ കൂദാശകൾ തന്നെയാണ് സഭയിൽ പരികർമം ചെയ്യുന്നത്, ഒരേയൊരു ഭരണസംവിധാനവും.

സഭയുടെ ഏകത്വത്തിനെതിരായ തെറ്റുകളും സഭയിൽ കാണാറുണ്ട്. സഭയിലെ വിഭജനങ്ങൾ, പാഷണ്ഡതകൾ, ശീശ്മകൾ, പിളർപ്പുകൾ എന്നിവയെല്ലാം സഭയുടെ ഒരുമയെ തകർക്കുന്ന പാപങ്ങളാണ്. പൗലോസ്ശ്ലീഹാ എഫേസൂസിലെ സഭയ്ക്ക് എഴുതുന്നു: "സമാധാനത്തിന്റെ ബന്ധത്തിൽ ആത്മാവിന്റെ ഐക്യം നിലനിർത്താൻ ജാഗരൂകരായിരിക്കുവിൻ. ഒരേ പ്രത്യാശയിൽ നിങ്ങൾ വിളിക്കപ്പെട്ടതുപോലെ ഒരു ശരീരവും ഒരു ആത്മാവുമാണുള്ളത്. ഒരു കർത്താവും ഒരു വിശ്വാസവും ഒരു ജ്ഞാനസ്നാനവുമേയുള്ളു. സകലതിലുമുപരിയും സകലതിലൂടെയും സകലതിലും വർത്തിക്കുന്നവനും നമ്മുടെയെല്ലാം പിതാവുമായ ദൈവം ഒരുവൻ മാത്രം" (എഫേ 4,3-6).

### 2. സഭ പരിശുദ്ധമാണ്

സഭ പരിശുദ്ധമാണ് എന്നു പറയുന്നതിന്റെ ഏറ്റവും അടിസ്ഥാനകാരണം സഭയെ സ്ഥാപിച്ച മിശിഹായും സഭയിൽ ഇന്നും പ്രവർത്തിക്കുന്ന റൂഹായും പരിശുദ്ധരാണ് എന്നതാണ്. തനിക്കുവേണ്ടിത്തന്നെ നിർമലയും പരിശുദ്ധയുമായി തിരുസഭയെ വേർതിരിച്ച് നിർത്താനാണ് മിശിഹാ കാൽവരിയിൽ സ്വയം ബലിയായത്. വിശുദ്ധ പൗലോസ്ശ്ലീഹാ പറയുന്നു: "മിശിഹാ സഭയെ സ്നേഹിക്കുകയും അവളെ വിശുദ്ധീകരിക്കാൻവേണ്ടി തന്നെത്തന്നെ സമർപ്പിക്കുകയും ചെയ്തതുപോലെ നിങ്ങൾ ഭാര്യമാരെ സ്നേഹിക്കണം. അവൻ സഭയെ വിശുദ്ധീകരിക്കുന്നതിന്, ജലംകൊണ്ടു കഴുകി വചനത്താൽ വെൺമയുള്ളതാക്കി. ഇത് അവളെ കറയോ ചുളിവോ മറ്റു കുറവുകളോ ഇല്ലാത്ത മഹത്ത്വപൂർണയായി തനിക്കുതന്നെ പ്രതിഷ്ഠിക്കുന്നതിനും അവൾ കളങ്കരഹിതയും പരിശുദ്ധയുമായിരിക്കുന്നതിനും വേണ്ടിയാണ്" (എഫേ 5,25-26)

തിരുസഭ പരിശുദ്ധമാണ് എന്നു പറയുന്നതിന്റെ അർത്ഥം സഭയിൽ അംഗങ്ങളായ എല്ലാവരും വിശുദ്ധരാണ് എന്നല്ല. സിയെന്നായിലെ വിശുദ്ധ കത്രീന പറഞ്ഞിട്ടുണ്ട് സഭ വിശുദ്ധരുടെ ഒരു മ്യൂസിയമല്ല, മറിച്ച് പാപികളുടെ ആശുപത്രിയാണെന്ന്. സഭാംഗങ്ങളിൽ പാപികളും ബലഹീനരും അയോഗ്യരുമായ മനുഷ്യർതന്നെയാണുള്ളത്. എന്നാൽ സഭാംഗങ്ങളുടെ വ്യക്തിപരമായ കുറവുകൾക്കപ്പുറം ശിരസ്സായ മിശിഹായുടെ ശരീരമെന്ന നിലയിൽ, അവനാൽ വിശുദ്ധീകരിക്കപ്പെടുകയും അവനാൽ വിശുദ്ധീകരണത്തിന്റെ

ഉപകരണമായി സ്ഥാപിക്കപ്പെടുകയും ചെയ്തു എന്നതിലാണ് തിരുസഭയുടെ പരിശുദ്ധി. അതിനാലാണ് തിരുസഭ എല്ലാം തികഞ്ഞ കുറെ ആളുകളുടെ ഒരു കൂട്ടായ്മയല്ല; മറിച്ച് ദൈവത്തിന്റെ കരുണ അനുഭവിക്കുകയും അത് മറ്റുള്ളവരുമായി പങ്കിടുവാൻ ആഗ്രഹിക്കുകയും ചെയ്യുന്നവരുടെ ഒരു കൂട്ടായ്മയാണ് എന്ന് ജോസഫ് റാറ്റ്സിംഗർ പറഞ്ഞത്.

### 3. തിരുസഭ ശ്ലൈഹികമാണ്

സഭ ശ്ലൈഹികമാണ് എന്നു പറയുന്നതിന്റെ കാരണം തിരുസഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നത് ശ്ലീഹന്മാരാകുന്ന അടിസ്ഥാനത്തിന്മേലാണ് എന്നതാണ്. പൗലോസ്ശ്ലീഹാ ഇക്കാര്യം വ്യക്തമായി പറയുന്നു: "ഇനിമേൽ നിങ്ങൾ അന്യരോ പരദേശികളോ അല്ല; വിശുദ്ധരുടെ സഹപൗരരും ദൈവഭവനത്തിലെ അംഗങ്ങളുമാണ്. ശ്ലീഹന്മാരും പ്രവാചകന്മാരുമാകുന്ന അടിത്തറമേൽ പണിതുയർത്തപ്പെട്ടവരാണ് നിങ്ങൾ; ഈ അടിത്തറയുടെ മൂലക്കല്ല് മിശിഹായാണ്" (എഫേ 2,19-20). മൂന്നു രീതിയിൽ സഭയുടെ ശ്ലൈഹികതയെ നാം മനസ്സിലാക്കണം. ഒന്നാമതായി സഭ സ്ഥാപിക്കപ്പെട്ടിരിക്കുന്നത് ശ്ലീഹന്മാരുടെ അടിസ്ഥാനത്തിന്മേലാണ്. ഉത്ഥാനത്തിനുശേഷം ഈശോ തന്റെ ശിഷ്യന്മാരോടു കല്പിച്ചു: "സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാ അധികാരവും എനിക്കു നൽകപ്പെട്ടിരിക്കുന്നു. ആകയാൽ, നിങ്ങൾപോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ. പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ അവർക്കു ജ്ഞാനസ്നാനം നൽകുവിൻ. ഞാൻ നിങ്ങളോടു കൽപിച്ചവയെല്ലാം അനുസരിക്കാൻ അവരെ പഠിപ്പിക്കുവിൻ. യുഗാന്തംവരെ എന്നും ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും" (മത്താ 28,18-20). ഈ കല്പന നിറവേറ്റി ലോകത്തിന്റെ അതിരുകൾവരെയും ശ്ലീഹന്മാർ നടത്തിയ സുവിശേഷപ്രഘോഷണമാണ് സഭയെ വളർത്തിയത്.

രണ്ടാമത് ഒരു കാരണം പരിശുദ്ധ റൂഹായുടെ സഹായം വഴിയായി ശ്ലീഹന്മാരിൽനിന്നും കേട്ട സുവിശേഷത്തിന്റെ നല്ല നിക്ഷേപത്തിൽനിന്നും അവൾ വ്യതിചലിക്കുന്നില്ല എന്നതാണ്. "അനേകം സാക്ഷികളുടെ മുമ്പിൽവച്ചു നീ എന്നിൽനിന്നു കേട്ടവ, മറ്റുള്ളവരെക്കൂടി പഠിപ്പിക്കാൻ കഴിവുള്ള വിശ്വസ്തരായ ആളുകൾക്കു പകർന്നുകൊടുക്കുക" എന്ന പൗലോസ്ശ്ലീഹായുടെ വാക്കുകളാണ് തലമുറകളിലൂടെ കൈമാറുന്ന ശ്ലൈഹികതയുടെ അടിസ്ഥാനം.

മൂന്നാമതായി, മിശിഹായുടെ രണ്ടാം ആഗമനംവരെയും അവൾ ശ്ലീഹന്മാരുടെ പിൻഗാമികളായ മെത്രാന്മാരുടെ പ്രബോധന-വിശുദ്ധീകരണ-നേതൃത്വ ശുശ്രൂഷയാൽ പരിപോഷിക്കപ്പെടുന്നു എന്നതാണ്. ആദിമസഭയിൽ ശ്ലീഹന്മാർ നിർവഹിച്ച അതേ ശുശ്രൂഷയും ദൗത്യവുമാണ് ഇന്ന് അവരുടെ പിൻഗാമികളായ മെത്രാന്മാരാലും അവരുടെ സഹപ്രവർത്തകരായ വൈദികരാലും നിർവഹിക്കപ്പെടുന്നത്. ശിഷ്യന്മാരെ അയയ്ക്കുമ്പോൾ ഈശോ നൽകിയ ദൗത്യം ഇന്ന് ഈ ലോകത്തിൽ പൂർത്തീകരിക്കപ്പെടുന്നത് മെത്രാന്മാരിലൂടെയും അവരുടെ സഹകാരികളിലൂടെയുമാണ്.

### 4. തിരുസഭ കാതോലികമാണ്

കാതോലികം എന്ന വാക്ക് സഭയുടെ സാർവത്രികതയെ സൂചിപ്പിക്കുന്ന ഒരു പദമാണ്. രണ്ടർത്ഥത്തിൽ സഭ സാർവത്രികമാണെന്ന് നമുക്കു പറയാം. ഒന്നാമത് സഭയിൽ മിശിഹാ സന്നിഹിതനായതുകൊണ്ട് സഭ സാർവത്രികമാണ്. അന്ത്യോഖ്യായിലെ വിശുദ്ധ ഇഗ്നേഷ്യസ് പറഞ്ഞതുപോലെ എവിടെ മിശിഹായുണ്ടോ അവിടെ കത്തോലിക്കാസഭയുണ്ട്. ഈശോമിശിഹായുടെ ദൗത്യം തുടരുന്നതും ഭൂമിയിൽ ദൈവരാജ്യം വിസ്തൃതമാക്കുന്നതും

തിരുസഭയാണ്. ലോകത്തിലെ എല്ലാ ഗ്രാമങ്ങളിലും നഗരങ്ങളിലും സഭയുണ്ട് എന്ന അർത്ഥത്തിലല്ല സഭ സാർവത്രികമാണ് എന്നു പറയുന്നത്. സഭയുടെ പ്രവർത്തനം ലോകത്തിലെ സകലജനപദത്തിനും വേണ്ടിയാണ് എന്നുള്ളതാണ്. ഇതാണ് സഭ കാതോലികമാണ് എന്നു പറയുന്നതിന്റെ രണ്ടാമത്തെ അർത്ഥം. സഭ ശുശ്രൂഷ നിർവഹിക്കുന്നതും രക്ഷപകരുന്നതും സഭയ്ക്കുള്ളിലുള്ളവർക്കുവേണ്ടിമാത്രമല്ല, ലോകം മുഴുവനും വേണ്ടിയാണ്. അതിൽ രാഷ്ട്രത്തിന്റെയോ, ഭാഷയുടെയോ, ജാതിയുടെയോ, വർഗത്തിന്റെയോ, വർണത്തിന്റെയോ വിവേചനമില്ല. "മിശിഹായോട് ഐക്യപ്പെടാൻവേണ്ടി സ്നാനം സ്വീകരിച്ചിരിക്കുന്ന നിങ്ങളെല്ലാവരും മിശിഹായെ ധരിച്ചിരിക്കുന്നു. യഹൂദനെന്നോ ഗ്രീക്കുകാരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ വ്യത്യാസമില്ല; നിങ്ങളെല്ലാവരും ഈശോമിശിഹായിൽ ഒന്നാണ്" (ഗലാ 3,28). ഒൻറി ദ് ലുബാക് പറയുന്നു: "സഭ കാതോലികമാണ് എന്നതിന്റെ അർത്ഥം സാർവത്രികമാണ് എന്നു മാത്രമല്ല; മനുഷ്യകുലം മുഴുവൻ മിശിഹായിൽ ഒന്നാകുന്നതിന്റെ കൂദാശയായതുകൊണ്ടുകൂടിയാണ്".

സഭ വ്യക്തികളുടെ ഒരു കൂട്ടമോ, ഒരു സംഘടനയോ, ഒരു സമൂഹമോ അല്ല. സഭ ഒരു കൂദാശയാണ്, രഹസ്യമാണ്. ശിരസ്സാകുന്ന മിശിഹായുടെ ശരീരമായ തിരുസഭയുടെ നാലു ലക്ഷണങ്ങളാണ് ഏകമാണ്, പരിശുദ്ധമാണ്, ശ്ലൈഹികമാണ്, കാതോലികമാണ് എന്നത്. നമ്മുടെ അമ്മയായ സഭയോടുള്ള സ്നേഹത്തിലും ബന്ധത്തിലും അനുദിനം വളരാൻ നമുക്ക് പരിശ്രമിക്കാം.

(തുടരും)

## ദൈവദാസൻ വില്യം ജകീന്താ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജകീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/.................... ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192




**"എന്നാൽ, പരിശുദ്ധാത്മാവു നിങ്ങളുടെമേൽ വന്നുകഴിയുമ്പോൾ നിങ്ങൾ ശക്തി പ്രാപിക്കും. ജറുസലെമിലും യൂദയാ മുഴുവനിലും സമരിയായിലും ഭൂമിയുടെ അതിർത്തികൾ വരെയും നിങ്ങൾ എനിക്കു സാക്ഷികളായിരിക്കുകയും ചെയ്യും" (ശ്ലീഹ 1,8).**

രണ്ടു സഹസ്രാബ്ദങ്ങളുടെ ചരിത്രം പകർന്നു നൽകിയ അനുഭവപാഠങ്ങളുടെ പിൻബലത്തിൽ നവസഹസ്രാബ്ദത്തിലൂടെ കടന്നുപോകുന്ന ഭാരതസഭ ഏറെ വെല്ലുവിളികൾ നേരിടുകയാണ്. വിശ്വാസസാക്ഷ്യത്തിനു മങ്ങലേല്ക്കുന്ന ഒരു കാലഘട്ടമാണിത്; മതവിരുദ്ധപ്രസ്ഥാനങ്ങളും മതമൗലികപ്രസ്ഥാനങ്ങളും താണ്ഡവനൃത്തമാടിത്തിമിർക്കുന്ന കാലഘട്ടം. ജാതിയുടെയും മതത്തിന്റെയും വർണ്ണത്തിന്റെയും രാഷ്ട്രീയത്തിന്റെയും ഭാഷയുടെയും പ്രാദേശികതയുടെയും ചേരിതിരിവുകൾകൊണ്ടു വിരൂപമായിരിക്കുന്ന ഒരു കാലഘട്ടം. ഈ കാലഘട്ടത്തിലാണ് ക്രൈസ്തവൻ തന്റെ ജീവിതത്തിൽ വിശ്വാസസാക്ഷ്യം നൽകേണ്ടത്.

ഒരു ക്രിസ്ത്യാനി ഏതു സാഹചര്യത്തിൽ ജീവിക്കുന്നവനായാലും ആ സാഹചര്യത്തിൽ തന്റെ വിശ്വാസം സാക്ഷ്യപ്പെടുത്തുന്നവനാകണം. സുവിശേഷത്തിൽ താലന്തുകളുടെ ഉപമയി

ലൂടെ ഈശോ അതു വ്യക്തമാക്കുന്നുണ്ട്. ഒരു യജമാനൻ തന്റെ ശിഷ്യർക്കു നൽകിയ അഞ്ചും രണ്ടും ഒന്നും താലന്തുകളെപ്പറ്റി അവിടെ നാം വായിക്കുന്നു. അഞ്ചു പത്താക്കി, രണ്ട് നാലാക്കി മാതൃകയായവരാണ് വിശ്വാസസാക്ഷികൾ. ലഭിച്ച ഒരു താലന്ത് ഒളിച്ചുവച്ചവൻ എതിർസാക്ഷ്യം നൽകുന്നവനാണ്. ഈ ഉപമയിലെ താലന്തുകൾ വെറും ഒരു നാണയമല്ല. ദൈവം നമുക്കു നൽകിയിരിക്കുന്ന സമ്പത്തോ നിധിയോ സിദ്ധികളോ കൃപാവരങ്ങളോ ഒക്കെയായിട്ടുള്ള കഴിവുകളാണ്.

ചിലർക്കു സർഗവാസനകളുണ്ട്. സംഗീതത്തിന്, നൃത്തത്തിന്, അഭിനയത്തിന്, പ്രസംഗത്തിന്, സാഹിത്യരചനയ്ക്ക്, ചിത്രകലയ്ക്ക് ഒക്കെയുള്ള ജന്മവാസനകളാകാം അത്. മറ്റു ചിലർ സേവനത്തിനു പ്രത്യേക സിദ്ധിയുള്ളവരാകാം, നേതൃത്വപാടവം ഉള്ളവരാകാം. ഏതായാലും അവ തിരിച്ചറിഞ്ഞ് മറ്റുള്ളവർക്കു പ്രയോജനകമായ രീതിയിൽ ഉപയോഗപ്പെടുത്തുമ്പോഴാണ് നാം വിശ്വാസസാക്ഷ്യം നൽകുന്നവരാകുന്നത്.


മൊറോക്കോയിലെ കുഷ്ഠരോഗികൾക്കുവേണ്ടി ജീവൻഹോമിച്ച ഫാദർ ഡാമിയനെപ്പോലെ, കൊൽക്കത്തയിലെ ചേരികളിൽ ആശ്വാസത്തിന്റെ കൈത്തിരിയുമായി സഞ്ചരിച്ച മദർ തെരേസയെപ്പോലെ, ഫ്ളോറൻസ് നൈറ്റിംഗേലിപ്പോലെ, നാം ആയിരിക്കുന്ന അവസ്ഥയിൽ ചുറ്റുമുള്ളവർക്കു ദൈവസ്നേഹം പകർന്നു നൽകാൻ കഴിയുന്നതാണ് വിശ്വാസസാക്ഷ്യം.

ഓരോരുത്തരുടെയും ദൗത്യം വ്യത്യസ്തമാണ്. അബ്രാഹം ജനതകളുടെ പിതാവാകാനും മോശ ഇസ്രായേലിന്റെ വിമോചകനാകാനും പ്രവാചകൻ മാനസാന്തരത്തിന്റെ സുവിശേഷകനാകാനും പരിശുദ്ധ കന്യകാമറിയം ദൈവമാതാവാകുവാനും സ്നാപകയോഹന്നാൻ ഈശോയ്ക്കു വഴിയൊരുക്കുവാനുമാണ് വിളിക്കപ്പെട്ടത്. ശ്ലീഹന്മാർ വിളിക്കപ്പെട്ടത് ലോകത്തിന്റെ അതിർത്തികൾവരെയും ദൈവത്തിനു സാക്ഷ്യംവഹിക്കുന്നതിനുവേണ്ടിയാണ്. അതുപോലെ നമ്മെയും ദൈവം വിളിക്കുന്നുണ്ട്. പാടുപീഢകൾ സഹിച്ചു മരിച്ച് ഉത്ഥാനം ചെയ്ത രക്ഷകനായ ഈശോമിശിഹായ്ക്കു നമ്മുടെ ജീവിതത്തിലൂടെ സാക്ഷ്യം നൽകുവാനാണ് നാം വിളിക്കപ്പെട്ടിരിക്കുന്നത്.

വിശ്വാസം വലിയ വെല്ലുവിളികൾ നേരിടുന്ന ഈ കാലത്ത്, വിശ്വാസസംരക്ഷണത്തിനു വേണ്ടി ഉന്നതമായ പദവികളും ജീവൻതന്നെയും ഉപേക്ഷിക്കാൻ തയ്യാറായ ഇംഗ്ലണ്ടിലെ ചാൻസലറായിരുന്ന വിശുദ്ധ തോമസ് മൂറിനെപ്പോലെയുള്ളവരുടെ മാതൃകയും നമുക്ക് പ്രചോദനമാകണം.

വിശ്വാസം ജീവിക്കുക എന്നത് ഏറെ പ്രതികൂലമായിരിക്കുന്ന കാലത്താണ് നാം ഇപ്പോൾ ആയിരിക്കുന്നത്. ഒഴുക്കിനെതിരെ തുഴയുക പ്രയാസകരമാണെന്നു മാത്രമല്ല, പരിഹാസജനകവുമായിരിക്കുന്നു ഈ കാലത്തിൽ! ലോകത്തിന്റെ വശ്യതകളിൽ കുടുങ്ങാത്തവനെ വിവരമില്ലാത്തവനായി ചിത്രീകരിക്കുന്ന ഒരു ലോകത്തിലാണ് ഞാനും നിങ്ങളും ആയിരിക്കുന്നത്. ഇവിടെയാണ് വിശ്വാസത്തിനു സാക്ഷ്യം വഹിക്കുക എന്നതു പ്രതിസന്ധി നിറഞ്ഞതാകുന്നത്. ജീവൻ വെടിഞ്ഞുള്ള രക്തസാക്ഷിത്വത്തോളംതന്നെ കഠിനമാണ് ഇന്നു വിശ്വാസം ജീവിക്കുന്നതും.

ധീരതയോടെ വിശ്വാസം ജീവിക്കുന്നത് നിത്യജീവന്റെ അച്ചാരമാണെന്നിരിക്കേ, ഏതു പ്രതികൂല സാഹചര്യത്തിലും നമ്മുടെ ജീവിതത്തിലൂടെ വിശ്വാസസാക്ഷ്യം നൽകി സ്വർഗ്ഗീയ മണവറ പുൽകാൻ, പള്ളക്കൂദാശക്കാലത്തിന്റെ ചൈതന്യം സ്വീകരിച്ചു നമുക്കു പരിശ്രമിക്കാം.



# പറയാൻ ബാക്കിവച്ചത്.... പിന്നെ....

ജിജി പുല്ലത്തിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒ**രുപാടുനാളുകൂടി നാലുമാസം മുമ്പായിരുന്നു പ്രിയ സുഹൃത്തിന്റെ ഫോൺകോൾ വന്നത്. 'ഹലോ' എന്ന വിളിക്കു പകരമായി പൊട്ടിക്കരച്ചിലാ കേട്ടത്. കരച്ചിലിനിടയിൽ അവൾ പറഞ്ഞൊപ്പിച്ചു: "അമ്മ മരിച്ചുപോയി... എത്ര പെട്ടെന്നായിരുന്നു!! അമ്മയ്ക്ക് അസുഖമാണെന്നറിയിച്ചിരുന്നു. വളരെ തിരക്കിലായിരുന്നു ഞാൻ. അമ്മയുടെ അസുഖം കുറയുമല്ലോ എന്നു കരുതി കാണാൻ പോകുന്നതു പിന്നീടാകട്ടെ എന്നു വിചാരിച്ചു... കുറച്ചുദിവസം അടുത്തു നിന്നു ശുശ്രൂഷിക്കണമെന്നുണ്ടായിരുന്നു. പറയാൻ ബാക്കിവച്ചതൊക്കെ...." അവൾ കരച്ചിലും പറച്ചിലും തുടർന്നുകൊണ്ടേയിരുന്നു....

ചെയ്യാനും പറയാനും ബാക്കിവച്ചതൊന്നും പിന്നെ സാധിച്ചില്ലെന്നു മാത്രമല്ല ഇനി ഒരിക്കലും സാധിക്കുകയില്ല എന്നോർത്താണ് എന്റെ സുഹൃത്തിനു കരച്ചിലടക്കാനാവാത്തത് എന്നു ഞാൻ തിരിച്ചറിഞ്ഞപ്പോൾ എന്റെ മിഴിയും ഈറനണിഞ്ഞു!!

ചങ്ങാതീ, നീ വിചാരിക്കും ഇതെന്തിനാണിപ്പോൾ എഴുതുന്നതെന്ന്. നിർമിതബുദ്ധിയുടെ ഡിജിറ്റൽ യുഗത്തിൽ, വികാരങ്ങൾ നഷ്ടപ്പെട്ട "ഇ-ലോകത്ത്" ഇങ്ങനെ എഴുതിയിട്ടും പറഞ്ഞിട്ടുമൊന്നും ഒരു കാര്യവുമില്ല. കാരണം ഇത് 'തന്തവൈബിന്റെയും തള്ളവൈബിന്റെയും' കാലമാണ്. ആർക്കും ആരോടും ഒരു കടപ്പാടുമില്ല.

പക്ഷേ, എനിക്കങ്ങനെ ചിന്തിക്കാനാവില്ല. കാരണം എന്റെ ചിന്തകളെ പിടിച്ചുലച്ച വാർഷികസമ്മേളനമായിരുന്നു ഇപ്രാവശ്യത്തേത്. ഞങ്ങളുടെ വാർഷികസമ്മേളനത്തിന്റെ ആദ്യദിനത്തിൽ ക്ലാസ്സ് നയിച്ചത് ഗ്രന്ഥകാരനും പണ്ഡിതനും വാഗ്മിയുമായ റവ. ഡോ. ജോർജ്ജ് കടൂപ്പാറയച്ചനായിരുന്നു. സാഹോദര്യജീവിതത്തെക്കുറിച്ചുള്ള പ്രസംഗമദ്ധ്യേ അദ്ദേഹമുയർത്തിയ ഒരു വെല്ലുവിളി ഇപ്പോഴും ഉള്ളുലയ്ക്കുന്നു: “If you love me, show me”. My fair lady എന്ന സിനിമയിൽ കാമുകി കാമുകനോടു ചോദിക്കുന്ന രംഗം വിവരിച്ചുകൊണ്ടായിരുന്നു ഈ വാക്കുകൾ ഞങ്ങളുടെ നേർക്ക് അച്ചൻ എറിഞ്ഞത്. എപ്പോഴും “I love you... I love you....” എന്നു പറഞ്ഞുകൊണ്ടിരിക്കുന്ന കാമുകനോട് സഹികെട്ട് കാമുകി പറയുന്ന വാക്കുകളാണിവ.

യുഗാന്ത്യോന്മുഖജീവിതത്തെ ലക്ഷ്യമാക്കി, സ്വർഗ്ഗത്തെ നോക്കി പ്രയാണം ചെയ്യുന്ന എനിക്കും നിനക്കും ജീവിക്കാൻ ഈ ഭൂമിയിൽ ഒരേയൊരു ജീവിതമേയുള്ളൂ! “ഒറ്റ ജീവിതം” മാത്രമുള്ള നമുക്ക്, നമ്മൾ ജീവിക്കുന്ന ഈ കാലത്ത് നമ്മുടെ അപ്പനോട്, അമ്മയോട്, സഹോദരങ്ങളോട്, ജീവിതപങ്കാളിയോട്, സമൂഹാംഗങ്ങളോട്, സഭാംഗങ്ങളോട്, സഹപ്രവർത്തകരോട്.... നമ്മുടെ സ്നേഹം പ്രകടമാക്കാൻ സാധിക്കുന്നുണ്ടോ?

ജീവിതകാലത്ത് നമ്മുടെ പ്രിയപ്പെട്ടവരെ കരയിപ്പിക്കുന്ന നമ്മൾ അവർ മരിച്ചുകഴിയുമ്പോൾ അവർക്കുവേണ്ടി കണ്ണീർ പൊഴിക്കുന്നു. മരിച്ചുകഴിയുമ്പോൾ പൂക്കൾകൊണ്ട് അവരെ മൂടുന്ന നമ്മൾ ജീവിച്ചിരുന്ന കാലത്ത് അവർക്കുവേണ്ടി സ്നേഹത്തിന്റെ, സമാധാനത്തിന്റെ ഒരു പൂവെങ്കിലും സമ്മാനിച്ചിട്ടുണ്ടോ? ‘ശവ’ത്തിൽ ഇടവിട്ട് പെർഫ്യൂം അടിക്കുന്ന നമ്മൾ അവർ ജീവിച്ചിരുന്ന കാലത്ത് അവരുടെ ഏതെങ്കിലും നന്മപ്രവൃത്തികളെക്കുറിച്ചു പറഞ്ഞ് നന്മയുടെ സുഗന്ധം അവർക്കു നല്കിയിട്ടുണ്ടോ?

മരിച്ചുകഴിയുമ്പോൾ നമ്മുടെ പ്രിയപ്പെട്ടവർക്കുവേണ്ടിയുള്ള ചരമപ്രസംഗവും ചരമലേഖനവും സ്മരണികയും ഏറ്റവും മികച്ചതാക്കാൻ വെമ്പൽകൊള്ളുന്ന നമ്മൾ അവരുടെ ജീവിതകാലത്ത് അവർക്കു ജീവനേകുന്ന, ആത്മവിശ്വാസമേകുന്ന, സൗഖ്യദായകമാകുന്ന എന്തെങ്കിലും സ്മരണകൾ നല്കിയിട്ടുണ്ടോ? ജീവിച്ചിരിക്കുമ്പോൾ നമ്മോടൊപ്പമുള്ളവർക്കു മുൾക്കിരീടം നല്കിയ നമ്മൾ മരിച്ചുകഴിയുമ്പോൾ നമ്മുടെ സ്നേഹസമ്മാനമായി പുഷ്പമുടി അവരെ അണിയിക്കുന്നു! നമ്മോടൊത്തു പ്രവർത്തിച്ചവർക്കു ഭാരമേറിയ കുരിശുവരെ നല്കിയ നമ്മൾ മരിച്ചുകഴിയുമ്പോൾ ഒരു ചെറിയ കുരിശു സ്നേഹോപഹാരമായി നല്കുന്നു...! കടൂപ്പാറയച്ചന്റെ വാക്കുകൾ ഞങ്ങളുടെ ചിന്തകളെ ചലിപ്പിച്ചുകൊണ്ടിരുന്നു....

അച്ചൻ സ്വന്തം അമ്മയെപ്പറ്റി പറഞ്ഞപ്പോഴാണ് ഞങ്ങളുടെ കണ്ണുകളെല്ലാം സജലങ്ങളായത്. അമ്മയെപ്പറ്റി, അമ്മ നല്കിയ സ്നേഹത്തെപ്പറ്റി അമ്മ മരിക്കുന്നതിനുമുമ്പ് അമ്മയോടു പറയണമെന്നുണ്ട്. പക്ഷേ എങ്ങനെ പറയും? എനിക്കും നിങ്ങൾക്കുമുള്ള വൈമുഖ്യം അച്ചനും അനുഭവപ്പെട്ടു. എഴുത്തുകാരനായതുകൊണ്ട് ‘അമ്മയോർമ്മകൾ’ അച്ചൻ ‘ലൈഫ് ഡേയിൽ’ പ്രസിദ്ധീകരിച്ചു. ആശുപത്രിയിലായിരുന്ന അമ്മയെ ഈ കുറിപ്പു വായിച്ചു കേൾപ്പിച്ചപ്പോൾ അമ്മ നടത്തിയ പ്രതികരണം സഹോദരി അച്ചനോടു പറഞ്ഞതിപ്രകാരമാണ്: “അമ്മയുടെ മുഖഭാവമൊന്നു കാണേണ്ടതായിരുന്നു. പിന്നെ മെല്ലെ അമ്മ പറഞ്ഞു, അവനിതൊക്കെ ഓർക്കുന്നുണ്ടല്ലേ....”

ഈ വാക്കുകൾ എന്റെ ഹൃദയത്തിൽ തുളച്ചുകയറി. പിന്നെ അച്ചൻ പറഞ്ഞതൊന്നും ഞാൻ കേട്ടില്ല. എന്റെ അമ്മച്ചി എനിക്കു നല്കിയ സ്നേഹം... ഇപ്പോഴും നല്കിക്കൊണ്ടിരിക്കുന്ന സ്നേഹം... ഒരിക്കലും തിരിച്ചു നല്കാൻ പറ്റാത്ത സ്നേഹത്തിന്റെ സ്മരണകളിൽ എന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. മനസ്സൊന്നു നൊന്താൽ, ശരീരം ഒന്നു വേദനിച്ചാൽ ആരും പറഞ്ഞില്ലെങ്കിലും ഉടൻ ഒരു ഫോൺ വരും. “അമ്മച്ചി ടെലിപ്പതി”!!! “എന്തുപറ്റി മോളേ” എന്ന

'അമ്മ വിളിക്ക്' "എന്തിനാ വിളിച്ചത്" എന്ന് 'മകൾ മറുപടി' നല്കുമ്പോഴും അമ്മ മനസ്സിനു പരിഭവമില്ല. എന്തെങ്കിലും ഒരു ചെറിയ സഹായം ആരിൽനിന്നും സ്വീകരിച്ചാലും നന്മയും നന്ദിയും പറയുന്ന ഞാൻ വഴക്കടിച്ചതു മുഴുവൻ മാതൃസ്നേഹത്തിന്റെ മുമ്പിലായിരുന്നു!!! എനിക്കു നടത്തിയ രണ്ടു സർജറിക്കുമുമ്പും അമ്മച്ചിയെ കാണരുതേ എന്നു ഞാൻ പ്രാർത്ഥിച്ചു. കാരണം സർജറിയേക്കാൾ എനിക്കു സങ്കടം അമ്മച്ചിയുടെ സങ്കടമായിരുന്നു. പ്രാർത്ഥിച്ചു തീരുന്നതിനുമുമ്പേ അമ്മച്ചിയെത്തി!!!

എന്റെ ദുഃഖം വളരെ ചെറുതായി തോന്നിയത് മറ്റൊരമ്മയെ ഓർത്തപ്പോഴാണ്. ഏകമകൻ നഗ്നനായി മൂന്നാണികളിൽ കുരിശിൽ തൂങ്ങിയാടുമ്പോൾ കുരിശിൻ ചുവട്ടിൽനിന്ന അമ്മയുടെ സഹനങ്ങളെക്കുറിച്ച് ധ്യാനിച്ചപ്പോൾ.... "If you love me, show me" എന്നു ഞാൻ ചോദിക്കുമ്പോൾ അമ്മ കാണിച്ചുതന്നത് കുരിശിൽ അവസാന തുള്ളിരക്തംവരെ എനിക്കായി ചിന്തിയ അമ്മയുടെ പൊന്നോമനപുത്രനെ... എന്റെ രക്ഷകനായ ഈശോയെ! ഈ സ്നേഹത്തിനു മുമ്പിൽ എന്റെ സ്നേഹം പ്രകടിപ്പിക്കാനാവാതെ ഞാൻ കുഴങ്ങുകയാണ്.

സുഹൃത്തേ, ഞാനും നീയും മരിക്കും....

സ്വർഗ്ഗം സ്വന്തമാക്കാൻ ഈശോ ചോദിക്കുന്നത് ഒരേയൊരു ചോദ്യം "If you love me, show me" – "നീ എന്നെ സ്നേഹിക്കുന്നുവെങ്കിൽ അതു കാണിച്ചു താ". അന്ത്യവിധിയിൽ ഈ ചോദ്യം വ്യക്തമായി മുഴങ്ങും. "എനിക്കു വിശന്നു... നിങ്ങളെനിക്കു ഭക്ഷിക്കാൻ തന്നു" എന്നു തുടങ്ങുന്ന വചനഭാഗം അവസാനിക്കുന്നതിപ്രകാരമാണ്: "രാജാവു മറുപടി പറയും: എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവനു നിങ്ങൾ ഇതു ചെയ്തു കൊടുത്തപ്പോൾ എനിക്കു തന്നെയാണു ചെയ്തു തന്നത്" (മത്താ 25,31–41).

അതേ പ്രിയപ്പെട്ടവരേ, സ്നേഹത്തിനായി വിശക്കുകയും ദാഹിക്കുകയും ചെയ്യുന്നവനായും, പരദേശിയായും നഗ്നനായും രോഗിയായും നമ്മുടെ പ്രിയപ്പെട്ടവരുടെ രൂപത്തിൽ നമ്മുടെ വീട്ടിൽ, നമ്മുടെ സമൂഹത്തിൽ, ഈശോയുണ്ട്. ആ ഈശോയ്ക്ക് സ്നേഹശുശ്രൂഷ നല്കി നമ്മുടെ സ്നേഹം പ്രകടിപ്പിക്കാം.

നമുക്ക് അവരുടെ നന്മകൾ പറയാം.
സ്നേഹത്തിന്റെ സാന്നിദ്ധ്യം നല്കാം.
സൗഹൃദത്തിന്റെ സൗഖ്യം നല്കാം.
അവഗണിക്കാതെ പരിഗണിക്കാം.
മനസ്സിനെ വേദനിപ്പിക്കാതെ മനസ്സിലാക്കാം.
രോഗാവസ്ഥയിൽ സ്നേഹശുശ്രൂഷയുടെ സുഗന്ധം നല്കാം.

ഇതെഴുതിക്കൊണ്ടിരിക്കുമ്പോൾ ഉച്ചഭാഷിണിയിൽക്കൂടി ഒരു മൃതസംസ്കാര ശുശ്രൂഷയുടെ വിലാപഗാനങ്ങൾ കേൾക്കുന്നുണ്ട്. ഒപ്പം പ്രിയപ്പെട്ടവരുടെ നിലവിളികളും ഉച്ചത്തിൽ കേൾക്കാം....

എന്റെ സുഹൃത്തു ഫോണിൽ പറഞ്ഞതുപോലെ, പറയാൻ ബാക്കിവച്ചാൽ പിന്നെ പറയാൻ പറ്റുവോ? ദൈവദാസൻ വില്യം ജകീന്താ പിതാവിനോടു ചേർന്ന് നമുക്കു പ്രാർത്ഥിക്കാം: "ഈശോയേ ഞങ്ങൾക്കുവേണ്ടി സഹനത്തിന്റെ പാത അങ്ങു സ്വീകരിച്ചതുപോലെ ഞങ്ങളുടെ സഹോദരങ്ങൾക്കുവേണ്ടി ഇപ്രകാരം ചെയ്യുവാൻ ഞങ്ങൾക്കും സാധിക്കുമെന്ന് ഞങ്ങളെ ഓർമ്മിപ്പിക്കണമേ. ഞങ്ങളുടെ സഹോദരങ്ങൾക്ക് അങ്ങയുടെ പ്രകാശവും അങ്ങയുടെ ഹൃദയവും അങ്ങയുടെ കരങ്ങളും ആയിരിക്കുവാൻ ഞങ്ങളെ സഹായിക്കണമേ. അങ്ങനെ അങ്ങയിലേക്കും പിതാവിലേക്കും സഹോദരങ്ങളോടുകൂടി നടന്നടുക്കുവാൻ ഞങ്ങൾക്കു സാധിക്കട്ടെ. ആമ്മേൻ".

# സെനക്കിൾ തരംഗം

### സന്ദേശം

പ്രിയപ്പെട്ട വൈദികസഹോദരരേ,

ആരാധനാവത്സരത്തിലെ പള്ളിക്കൂദാശക്കാലത്തിലേക്കു നാം പ്രവേശിക്കുകയാണല്ലോ. യുഗാന്തത്തിൽ മിശിഹായുടെ മണവാട്ടിയായ സഭ തന്റെ മക്കളോടൊപ്പം സ്വർഗീയ ജറുസലേമാകുന്ന മണവറയിൽവച്ച് മണവാളനായ മിശിഹായെ മുഖാഭിമുഖം ദർശിക്കുകയും, മണവാളനോടൊപ്പം അവൾ നിത്യസൗഭാഗ്യത്തിലേക്ക് പ്രവേശിക്കുകയും ചെയ്യുന്ന സംഭവമാണല്ലോ ഇക്കാലത്ത് നാം അനുസ്മരിക്കുന്നത്. പരിശുദ്ധ കുർബാനയിലെ "സകല സൗഭാഗ്യങ്ങളും നന്മകളും നിറഞ്ഞ് മുടിചൂടി നില്ക്കുന്ന സഭ" എന്ന പ്രാർത്ഥന പള്ളിക്കൂദാശക്കാലത്തിന്റെ അന്തർധാരയായി വർത്തിക്കുന്നു എന്നു പറയാം. സഭയുടെ യുഗാന്ത്യോന്മുഖ സ്വഭാവം ഈ കാലഘട്ടത്തിന്റെ വായനകളിലും ആരാധനക്രമ പ്രാർത്ഥനകളിലും നിറഞ്ഞുനില്ക്കുന്നു. പഴയനിയമത്തിലെയും പുതിയനിയമത്തിലെയും വായനകളിൽ സൂചിപ്പിക്കപ്പെടുന്ന ദൈവാലയത്തെക്കുറിച്ചും മിശിഹായെക്കുറിച്ചും സഭയെക്കുറിച്ചുമൊക്കെ ദൈവജനത്തെ പഠിപ്പിച്ചുകൊണ്ട് അജപാലനശുശ്രൂഷ നിർവഹിക്കുവാൻ നമുക്കു പരിശ്രമിക്കാം.

സ്നേഹാശംസകളോടെ,

മല്പാൻ മാത്യു വെള്ളാനിക്കൽ
സ്ഥാപകഡയറക്ടർ

### സെനക്കിൾ വാർത്തകൾ

2025 സെപ്റ്റംബർ 23,24 തീയതികളിലും ഒക്ടോബർ 14-15 തീയതികളിലും അപ്പസ്തോലിക് സൊദാലെസ് വൈദികരുടെ പ്രതിമാസ സമ്മേളനം സ്പിരിച്ചാലിറ്റി സെന്ററിൽ വച്ച് നടക്കുകയുണ്ടായി. സെപ്റ്റംബർ 24-ാം തീയതി അപ്പസ്തോലിക് മാക്സിമലിസം കുടുംബത്തിന്റെ കുടുംബസമ്മേളനം സ്പിരിച്ചാലിറ്റി സെന്ററിൽവച്ചു നടന്നു. "ദൈവപുത്രത്വവും പ്രത്യാശയും" എന്ന വിഷയത്തെ ആസ്പദമാക്കി മല്പാൻ മാത്യു വെള്ളാനിക്കലച്ചൻ ക്ലാസ്സെടുക്കുകയും അതിന്റെ വെളിച്ചത്തിൽ അപ്പസ്തോലിക് ഒബ്ലേറ്റ്സ്, അപ്പസ്തോലിക് സൊദാലെസ്, സോഷ്യൽ ആനിമേറ്റേഴ്സ് എന്നിവർ ചർച്ച നടത്തുകയും അവരുടെ ആശയങ്ങൾ പങ്കുവയ്ക്കുകയും ചെയ്തു. പരിശുദ്ധ കുർബാനയർപ്പണത്തോടും ഉച്ചഭക്ഷണത്തോടുംകൂടെ കുടുംബസമ്മേളനം സമാപിച്ചു.



# ഹെസക്കിയാ

ഷിജി പറപ്പള്ളിയാത്ത്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

യൂദാരാജാവായ ആഹാസിന്റെയും സഖറിയായുടെ മകൾ അബിയായുടെയും പുത്രനാണ് ഹെസക്കിയാ. ''യഹോവാ ശക്തീകരിക്കുന്നു'' എന്നാണ് ഹെസക്കിയാ എന്ന വാക്കിനർത്ഥം. നീതിമാനായി ജീവിച്ച് ദൈവത്തിനും ജനത്തിനും പ്രിയങ്കരനായി മാറിയ അദ്ദേഹം 25-ാം വയസ്സിൽ യൂദായിൽ ഭരണമേറ്റു. 29 വർഷത്തോളം യൂദായെ അവൻ നീതിയുടെ മാർഗത്തിലൂടെ നയിച്ചു. ഹെസക്കിയാ വളരെ സമ്പന്നനും കീർത്തിമാനുമായിരുന്നു. തന്റെ പിതാവായ ആഹാസ് വരുത്തിവച്ച വൻനഷ്ടങ്ങൾക്ക് ഹെസക്കിയാ പരിഹാരം കണ്ടു. പതിനാറു വർഷമായി പിന്തുടർന്നു വന്നിരുന്ന അനാചാരങ്ങൾക്ക് അറുതിവരുത്താൻ അദ്ദേഹം ധൈര്യം കാട്ടി. തന്റെ മുത്തച്ഛനായ സഖറിയായുടെ ശിക്ഷണത്തിലും പരിലാളനത്തിലുമാണ് അവൻ വളർന്നത്. അതിനാൽ ദുഃഷ്ടനായ പിതാവിന്റെ നീതിമാനായ മകനായി ഹെസക്കിയാ മാറിയിരുന്നു. ദൈവമായ കർത്താവിന്റെ മുമ്പിൽ തിന്മ പ്രവർത്തിച്ച് ആഹാസ് അവിശ്വസ്തത കാണിച്ചത് അവൻ വ്യക്തമായി മനസ്സിലാക്കിയിരുന്നു.

“പിതാക്കന്മാർ ദൈവമായ കർത്താവിന്റെ മുമ്പിൽ തിന്മ പ്രവർത്തിച്ച് അവിശ്വസ്തത കാണിച്ചു; അവിടുത്തെ പരിത്യജിച്ചു; അവിടുത്തെ വാസസ്ഥലത്തുനിന്ന് അവർ മുഖംതിരിച്ചു; അവിടുത്തെ മുമ്പിൽ പുറംതിരിഞ്ഞു, അവർ പൂമുഖവാതിലുകൾ അടച്ചു; ദീപങ്ങൾ അണച്ചു; ഇസ്രായേലിന്റെ ദൈവത്തിന്റെ വിശുദ്ധസ്ഥലത്തു ധൂപാർച്ചന നടത്തുകയോ ദഹനബലി അർപ്പിക്കുകയോ ചെയ്തില്ല” (2 ദിന 29,6-7). അതിനാൽ ഭരണമേറ്റ ആദ്യവർഷംതന്നെ ഹെസക്കിയാ ജറുസലേം ദൈവാലയം ശുദ്ധീകരിച്ച് ശരിയായവിധം ആരാധനാരീതികൾ പുനരുദ്ധ

രിച്ചു (2 ദിന 29,31). പുരോഹിതരുടെയും ലേവ്യരുടെയും നേതൃത്വത്തിൽ ജനങ്ങൾ മുഴുവൻ കർത്താവിന്റെ മുമ്പാകെ തങ്ങളെത്തന്നെ കഴുകി ശുദ്ധീകരിച്ചു. അവർ ദൈവാലയ വാതിലുകൾ തുറന്നു. ദീപങ്ങൾ തെളിച്ചു. ബലിപീഠങ്ങൾ പുനഃസ്ഥാപിച്ചു; ആരാധന നടത്തി. കാലങ്ങളായി മുടങ്ങിക്കിടന്ന പെസഹാ അവർ ആചരിച്ചു. തങ്ങളെത്തന്നെ ശുദ്ധീകരിക്കാത്ത ജനത്തിനുവേണ്ടിക്കൂടിയും ഹെസക്കിയാ പ്രാർത്ഥിച്ചു. ആലയത്തിന്റെ അങ്കണത്തിലുണ്ടായിരുന്ന മാലിന്യങ്ങളും, മോശ മരുഭൂമിയിലുണ്ടാക്കിയ ഓട്ടുസർപ്പത്തിന്റെ മുമ്പിൽ ഇസ്രായേൽ ധൂപാർച്ചന നടത്തിയതിനാൽ അതുമുൾപ്പെടെ, എല്ലാം ലേവ്യരും പുരോഹിതരുംകൂടി കിദ്രോൺ അരുവിയിൽ ഒഴുക്കിക്കളഞ്ഞു. അങ്ങനെ ഹെസക്കിയാ അസാദ്ധ്യസമയത്ത്, അസാദ്ധ്യരായ ജനതകൾക്കിടയിൽ അസാദ്ധ്യമായതു പ്രവർത്തിച്ചു.

മടങ്ങിവരാൻ ആഗ്രഹിച്ച രാജാവിനെയും ജനത്തെയും കർത്താവ് കനിഞ്ഞ് അനുഗ്രഹിച്ചു. മുൻഗാമികളോ പിൻഗാമികളോ ആയ യൂദാ രാജാക്കന്മാരിലാരും ഹെസക്കിയായെപ്പോലെ വിശ്വസ്തരായിരുന്നില്ല. ദൈവപ്രമാണങ്ങളെല്ലാം അവികലവും അചഞ്ചലവുമായി അദ്ദേഹം പാലിച്ചു. അതിനാൽ കർത്താവ് അവന്റെ ഉദ്യമങ്ങളെല്ലാം ഐശ്വര്യപൂർണമാക്കി. അവൻ കർത്താവിനോട് ഒട്ടിനിന്നു; അവിടുന്നു മോശയിലൂടെ നല്കിയ കല്പനകൾ പാലിക്കുകയും അവിടുത്തെ പിന്തുടരുകയും ചെയ്തു. കർത്താവ് അവനോടുകൂടെയുണ്ടായിരുന്നു.

നന്മയും നീതിയും പ്രവർത്തിച്ച് വിജയമണിഞ്ഞ ഹെസക്കിയാ ദൈവസ്വരം ശ്രവിക്കാതിരുന്ന ശത്രുരാജ്യങ്ങളെ എതിർത്തു പരാജയപ്പെടുത്തുന്നുണ്ട്. എങ്കിലും അദ്ദേഹത്തിന്റെ പതിനാലാം ഭരണവർഷം, അസീറിയാ രാജാവായ സെന്നാക്കെരിബ് യൂദായുടെ സുരക്ഷിത നഗരങ്ങൾ ആക്രമിച്ചു കീഴടക്കാൻ ശ്രമിക്കുകയുണ്ടായി. എന്നാൽ യൂദാരാജാവ് തന്റെ സേവകരെയും വീരപുരുഷന്മാരെയും ഒന്നിച്ചുകൂട്ടി നഗരത്തിനുചുറ്റും ഉപരോധം ഏർപ്പെടുത്തുകയും നഗരത്തിൽനിന്നു പുറത്തേയ്ക്ക് ഒഴുകുന്ന നീർച്ചാലുകൾ അടയ്ക്കുകയും ചെയ്തു. തന്റെ ജനത്തെ ധൈര്യപ്പെടുത്തിക്കൊണ്ട് അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ശക്തന്മാരും ധീരന്മാരുമായിരിക്കുവിൻ. അസ്സീറിയാരാജാവിനെയും അവന്റെ സൈന്യവ്യൂഹത്തെയും കണ്ടു ഭയപ്പെടുകയോ പരിഭ്രമിക്കുകയോ വേണ്ടാ. അവനോടു കൂടെയുള്ളവനെക്കാൾ ശക്തനായ ഒരുവൻ നമ്മോടുകൂടെയുണ്ട്. മാംസളമായ ഹസ്തമാണ് അവനോടൊത്തുള്ളത്. നമ്മോടുകൂടെയുള്ളത് നമ്മുടെ ദൈവമായ കർത്താവും. അവിടുന്നു നമ്മെ സഹായിക്കുകയും നമുക്കുവേണ്ടി പൊരുതുകയും ചെയ്യും" (2 ദിന 32,7-8).

അസ്സീറിയാരാജാവ് ദൂതന്മാരെ സൈന്യസമേതം യൂദായിലേക്ക് അയച്ച് ദൈവമായ കർത്താവിനെ നിന്ദിക്കുകയും ഹെസക്കിയാ രാജാവിനെയും യൂദാനിവാസികളെയും വെല്ലുവിളിക്കുകയും ചെയ്തു. അവൻ ഇപ്രകാരം എഴുതി: "ഹെസക്കിയായുടെ ദൈവം തന്റെ ജനത്തെ എന്റെ കൈയിൽനിന്നു രക്ഷിക്കുകയില്ല" (2 ദിന 32,17). അസ്സീറിയാ രാജാവിന്റെ ശക്തിപ്രഭാവത്തിൽ അല്പമൊന്നു പതറിയ ഹെസക്കിയാ അവൻ ചോദിച്ച ഭാരിച്ച കപ്പം നല്കാമെന്നേറ്റു. മുന്നൂറു താലന്തു വെള്ളിയും മുപ്പതു താലന്തു സ്വർണവും ദൈവാലയഭണ്ഡാരത്തിലും രാജഭണ്ഡാരത്തിലുമുള്ള എല്ലാ സമ്പത്തും അവനു നല്കി. എന്നാൽ യൂദാനിവാസികൾക്കും ഹെസക്കിയായ്ക്കുമെതിരെ നിന്ദാവചസ്സുകൾ ഉച്ചരിച്ചുകൊണ്ട് അസ്സീറിയാരാജാവിന്റെ ദൂതന്മാർ ജറുസലേമിലെ ചാലിനരികെ നിലയുറപ്പിച്ചു. വിവരമറിഞ്ഞ ഹെസക്കിയാരാജാവ് വസ്ത്രം കീറി ചാക്കുടുത്ത് കർത്താവിന്റെ ആലയത്തിൽ പ്രവേശിച്ചു പ്രാർത്ഥിച്ചു. കൂടാതെ ആമോസിന്റെ പുത്രനായ ഏശയ്യാപ്രവാചകന്റെ പക്കലേക്ക് തന്റെ ദൂതന്മാരെ സന്ദേശവുമായി അയയ്ക്കുകയും ചെയ്തു. ഇന്ന് ദുരിതത്തിന്റെയും അധിക്ഷേപത്തിന്റെയും നിന്ദയുടെയും ദിവസമാണ്.

അതിനാൽ തങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് പ്രവാചകനെ ഹെസക്കിയാ അറിയിച്ചു. ഏശയ്യാപ്രവാചകൻ അവരെ ഇപ്രകാരം പറഞ്ഞാശ്വസിപ്പിച്ച് അയച്ചു: "നിങ്ങളുടെ യജമാനനോടു പറയുവിൻ, കർത്താവ് അരുളിച്ചെയ്യുന്നു; അസ്സീറിയാരാജാവിന്റെ സേവകന്മാർ എന്നെ അധിക്ഷേപിച്ച വാക്കുകൾ കേട്ട് നീ ഭയപ്പെടേണ്ടാ. ഞാൻ അവനിൽ ഒരു ആത്മാവിനെ നിവേശിപ്പിക്കും. കിംവദന്തികൾ കേട്ട് അവൻ സ്വദേശത്തേക്കു മടങ്ങും. അവിടെവച്ചു വാളിനിരയാകാൻ ഞാൻ അവന് ഇടവരുത്തും" (2 രാജാ 19,6-7).

പിന്നീട് അസ്സീറിയാ രാജാവ് ദൂതന്മാർവഴി നല്കിയ കത്ത് ഹെസക്കിയാ വാങ്ങി വായിച്ചു. അവൻ അത് കർത്താവിന്റെ ആലയത്തിൽ അവിടുന്നെ മുമ്പിൽവച്ച് ഹൃദയമുരുകി പ്രാർത്ഥിച്ചു. ദൈവമായ കർത്താവ് ഏശയ്യാപ്രവാചകൻവഴി ഹെസക്കിയായ്ക്ക് സന്ദേശമയച്ചു: "അസ്സീറിയാ രാജാവിനെക്കുറിച്ചു കർത്താവ് അരുളിച്ചെയ്യുന്നു, അവൻ ഈ നഗരത്തിൽ പ്രവേശിക്കുകയോ ഇവിടെ അസ്ത്രം എയ്യുകയോ പരിച ധരിച്ച് ഇവിടെ വരുകയോ നഗരത്തിനെതിരെ ഉപരോധം നിർമിക്കുകയോ ചെയ്യുകയില്ല" (2 രാജാ 19,32). അന്നു രാത്രി കർത്താവിന്റെ ദൂതൻ അസ്സീറിയാ പാളയത്തിൽ കടന്ന് ഒരു ലക്ഷത്തിയെൺപത്തയ്യായിരം പേരെ വധിച്ചു. ഭീതിപൂണ്ട അസ്സീറിയാ രാജാവ് നിനെവേയിലേക്ക് ഓടിപ്പോയി, തന്റെ ദേവന്റെ ആലയത്തിൽ പ്രവേശിച്ചു. അവിടെവച്ച് അവന്റെ ചില പുത്രന്മാർത്തന്നെ അവനെ വാളിനിരയാക്കി. അങ്ങനെ അസ്സീറിയാരാജാവിനെ ഭയപ്പെട്ടിരുന്ന യൂദാജനം ദൈവത്തിന്റെ കൃപ അടുത്തറിയാനിടയായി.

അധികം വൈകാതെ ഹെസക്കിയാ രോഗബാധിതനായി മരണോടടുത്തു. ഏശയ്യാപ്രവാചകൻ അദ്ദേഹത്തിന്റെ അടുത്തുവന്നു പറഞ്ഞു: "നീ വീട്ടുകാര്യങ്ങൾ ക്രമപ്പെടുത്തുക; എന്തെന്നാൽ നീ മരിക്കും; സുഖം പ്രാപിക്കുകയില്ല" (2 രാജാ 20,1). ഹെസക്കിയാ ചുവരിലേക്കു മുഖം തിരിച്ച് കണ്ണീരൊഴുക്കി പ്രാർത്ഥിച്ചു. തന്റെ രോഗാവസ്ഥയിലും മരണത്തിന്റെ നിഴൽ വീണ നിമിഷങ്ങളിലും കർത്താവിന്റെ പക്കലേക്ക് ദൃഷ്ടികളുയർത്തുന്ന രാജാവിന്റെ വിശ്വസ്തതയും സ്നേഹവുമാണ് ഇവിടെ നാം ദർശിക്കുക. പ്രാർത്ഥനയിൽ ദൈവാശ്രയത്വം കണ്ടെത്തിയവൻ! ജീവിതത്തിന്റെ സംഘർഷങ്ങളിലും രോഗപീഡകളിലും കർത്താവിന്റെ സന്നിധിയിലാണ് രാജാവ് അഭയം കണ്ടെത്തിയത്.

ഏശയ്യാപ്രവാചകൻ കൊട്ടാരാങ്കണം കടക്കുന്നതിനു മുമ്പേ കർത്താവിന്റെ അരുളപ്പാടുണ്ടായി: "ഞാൻ നിന്റെ കണ്ണീർ കാണുകയും പ്രാർത്ഥന കേൾക്കുകയും ചെയ്തിരിക്കുന്നു. ഞാൻ നിന്നെ സുഖപ്പെടുത്തും. മൂന്നാംദിവസം നീ കർത്താവിന്റെ ആലയത്തിലേക്കുപോകും. ഞാൻ നിന്റെ ആയുസ്സു പതിനഞ്ചു വർഷംകൂടി നീട്ടും" (2 രാജാ 20,5-6). അത്തിപ്പഴത്തിന്റെ അട രാജാവിന്റെ വ്രണത്തിൽ വച്ചുകെട്ടുവാൻ ഏശയ്യാപ്രവാചകൻ നിർദ്ദേശിച്ചു. രാജാവാകട്ടെ തന്റെ സൗഖ്യത്തിന് ഒരടയാളം ചോദിക്കുന്നു. അതിനു മറുപടിയായി ആഹാസിന്റെ സൂര്യഘടികാരത്തിന്റെ നിഴൽ പത്തു ചുവട് പിന്നിലേക്കു പോകുന്നതിന് ദൈവം ഇടയാക്കി.

രോഗത്തിൽനിന്ന് വിമുക്തി നേടിയപ്പോൾ ഹെസക്കിയാ കർത്താവിന് നന്ദിയുടെ പ്രാർത്ഥനയർപ്പിക്കുന്നുണ്ട്. ഏശയ്യാപ്രവാചകന്റെ പുസ്തകത്തിൽ അതു വ്യക്തമാക്കുന്നു: "...മനോവേദനനിമിത്തം ഉറക്കവും എന്നെ വിട്ടകന്നിരിക്കുന്നു. കർത്താവേ, എന്നിട്ടും എന്റെ ആത്മാവ് അങ്ങയോടൊത്തു ജീവിക്കും. ഞാൻ അങ്ങേക്കുവേണ്ടിമാത്രം ജീവിക്കും. എനിക്ക് ആരോഗ്യം പ്രദാനംചെയ്ത് എന്നെ ജീവിപ്പിക്കണമേ! എന്റെ കഠിനവേദന എന്റെ നന്മയ്ക്കുവേണ്ടിയായിരുന്നു. അങ്ങ് എന്റെ സകല പാപങ്ങളും അങ്ങയുടെ പിന്നിൽ എറിഞ്ഞുകളഞ്ഞതുകൊണ്ട് നാശത്തിന്റെ കുഴിയിൽനിന്ന് എന്റെ ജീവനെ അങ്ങ് രക്ഷിച്ചു" (ഏശ 38,9-22).

രോഗവിമുക്തനായ ഹെസക്കിയായെ സന്ദർശിക്കാൻ ബാബിലോൺ രാജാവും ബലാദാന്റെ പുത്രനുമായ മെറോദാക്ബലാദാൻ, കത്തുകളും സമ്മാനവുമായി ദൂതന്മാരെ അയച്ചു. ഹെസക്കിയാ അവരെ സ്വാഗതം ചെയ്തു. തന്റെ ഭണ്ഡാരപ്പുരയും കലവറകളിലുണ്ടായിരുന്ന സ്വർണവും വെള്ളിയും സുഗന്ധദ്രവ്യങ്ങളും വിശിഷ്ടതൈലങ്ങളും ആയുധശേഖരവും അവരെ കാണിച്ചു. അവരെ കാണിക്കാത്തതായി അദ്ദേഹത്തിൻെറ ഭവനത്തിലോ രാജ്യത്തോ ഒന്നും ഉണ്ടായിരുന്നില്ല. തന്റെ മികവും കഴിവും കാണിച്ചതിനാൽ അദ്ദേഹത്തിന്റെ ഭവനത്തിലുള്ളതും പിതാക്കന്മാർ അന്നോളം ശേഖരിച്ചതുമെല്ലാം ബാബിലോണിലേക്കു കടത്തുന്ന ദിനങ്ങൾ ആസന്നമായിരിക്കുന്നുവെന്ന് ഏശയ്യാ പ്രവാചകൻ ഹെസക്കിയായെ അറിയിച്ചു (2 രാജാ 20,12-19). ബാബിലോൺ രാജാവയച്ച ദൂതന്മാരുടെ കാര്യത്തിൽ സ്വന്തം ഇഷ്ടമനുസരിച്ചു പ്രവർത്തിച്ചതിനാൽ അവനതു പരാജയകാരണമായി. മരണശേഷം പിതാക്കന്മാരുടെ ശവകുടീരങ്ങളുടെ മേൽനിരയിൽ അവനെ സംസ്കരിച്ചു.

**ഹെസക്കിയാ നല്കുന്ന പാഠങ്ങൾ:**

**തെറ്റുകളിൽനിന്നുള്ള ശുദ്ധീകരണത്തിനു തയ്യാറാവുക.*

**നീതിയും വിശ്വസ്തതയും പാലിക്കുക.*

**പ്രതിസന്ധികളിൽ പ്രാർത്ഥനാപൂർവം കർത്താവിന്റെ പക്കൽ അഭയം തേടുക.*

**ജീവിതത്തിൽ നൊമ്പരങ്ങളും മാരകരോഗങ്ങളും ഒന്നൊന്നായി വേട്ടയാടുമ്പോൾ കർത്താവിന്റെ സന്നിധിയിൽ അടയിരിക്കാൻ പഠിക്കുക.*

**നമ്മോടുകൂടെയുള്ള ദൈവത്തിന്റെ ശക്തി തിരിച്ചറിയുക.*




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**



# അതു വേണ്ടായിരുന്നു!

ഷിനി തെരേസ് മുതുപ്ലാക്കൽ

**"സി**നിമ സൂപ്പറായിരുന്നു. പക്ഷേ ഒരു കാര്യം എനിക്കുൾക്കൊള്ളാൻ പറ്റുന്നില്ല".

യുവജനങ്ങളുടെ മീറ്റിംഗിനിടയിൽ രാവിലെ അവർ കണ്ട 'രാജകന്യക' എന്ന സിനിമയെക്കുറിച്ചുള്ള അഭിപ്രായ പ്രകടനങ്ങൾ നടക്കുകയാണ്. സിനിമയുടെ പ്രമേയവും കഥാപാത്രങ്ങളും അഭിനേതാക്കളും ചിത്രീകരണവും ലൊക്കേഷനുമെല്ലാം ചർച്ചാവിഷയങ്ങളായി. അതിനിടയിലാണ് ബിൻസിന്റെ ഈ കമന്റ് വന്നത്. ഉൾക്കൊള്ളാൻ പറ്റാത്ത കാര്യമെന്താണെന്നറിയാനുള്ള ആകാംക്ഷയിൽ എല്ലാവരുടെയും ശ്രദ്ധ ബിൻസിലേക്കായി.

"ആ പെൺകൊച്ച് കൊല്ലപ്പെടുന്നതായുള്ള കഥ ഒഴിവാക്കാമായിരുന്നു.... മോള് കൊല്ലപ്പെട്ട വിവരമറിഞ്ഞത് നാട്ടുകാർ അപ്പനെ കൂട്ടിക്കൊണ്ടു പോകുന്നത് കുർബാനയിൽ സംബന്ധിച്ചുകൊണ്ടിരുന്നപ്പോഴാണുതാനും. അതാണ് ഒട്ടും ഉൾക്കൊള്ളാൻ പറ്റാത്തത്. അതു വേണ്ടായിരുന്നു".

"അതു ശരിയാ. അയാളൊരു ദുഷ്ടകഥാപാത്രമായിരുന്നെങ്കിൽ ഇത്രയും വിഷമം വരില്ലായിരുന്നു. കുടുംബത്തോടു സ്നേഹമുള്ള, അവർക്കുവേണ്ടി അദ്ധ്വാനിക്കുന്ന, പള്ളിയിൽ പോയി പ്രാർത്ഥിക്കുന്ന, വലിയ കുഴപ്പമില്ലാതെ ജീവിക്കുന്ന ഒരു മനുഷ്യന്റെ കൊച്ചിന് ഇതുപോലെ ദാരുണമായ ഒരു മരണം സംഭവിക്കുന്നതായി അവതരിപ്പിച്ചത് ശരിയായില്ല". റിച്ചുവിനും ബിൻസിന്റെ അഭിപ്രായംതന്നെയായിരുന്നു.

"സിനിമ ഒരു കഥയാണല്ലോ എന്നു വിചാരിക്കാം. പക്ഷേ പ്രാർത്ഥനയും പള്ളിക്കാര്യവും ഒത്തിരി നന്മപ്രവൃത്തികളുമൊക്കെയായി നല്ലവരായി ജീവിക്കുന്ന ചിലരുടെ ജീവിതത്തിൽ

എന്തുമാത്രം പ്രശ്നങ്ങളാ ഉണ്ടാകുന്നത്? അതൊക്കെ മനസ്സിലാക്കാനാണ് ബുദ്ധിമുട്ട്. ദൈവത്തോടു ചേർന്നു നില്ക്കുന്നവർക്ക് സഹനങ്ങൾ കൂടുതലാണെന്നു തോന്നിപ്പോകും". അൻസു വിഷമം മറച്ചുവച്ചില്ല.

തെല്ലിട നേരത്തെ നിശബ്ദത ഭഞ്ജിച്ചത് ജോമോനാണ്. പിന്നീട് അവരുടെ ചർച്ച എല്ലാവരുടെയും പങ്കാളിത്തത്താൽ സജീവമായി.

"കുർബാനയിൽ പങ്കെടുത്തുകൊണ്ടിരുന്ന സമയത്ത് കൊച്ചിന്റെ മരണവാർത്ത അറിയുന്നതായി സിനിമയിൽ കാണിച്ചതിന് തിരക്കഥാകൃത്തിന് എന്തെങ്കിലും പ്രത്യേക ഉദ്ദേശമുണ്ടോ എന്നെനിക്കറിയില്ല. എന്റെ മനസ്സിലേക്ക് ഒരു ചിന്ത വരുന്നുണ്ട്. അതായത്, നമ്മുടെയെല്ലാം ജീവിതത്തിന്റെ കേന്ദ്രമായി മാറേണ്ടത് പരിശുദ്ധ കുർബാനയാണല്ലോ. ലോകത്തെ മുഴുവൻ രക്ഷിക്കാനായി സ്വന്തം ജീവിതബലിയർപ്പിച്ച ഈശോയുടെ പരിശുദ്ധ കുർബാനയിൽനിന്നും എല്ലാവരെയും ഏതു വിധേനയും അകറ്റുവാൻ ദുഷ്ടാരൂപി ശ്രമിച്ചുകൊണ്ടിരിക്കും. അതിന്റെയൊരു ചിത്രീകരണമായി ഇതു കാണാമെന്നു തോന്നുന്നു".

"ശരിയാ... അത്യാവശ്യം നല്ല ജീവിതവും പ്രാർത്ഥനയുമൊക്കെയുണ്ടായിട്ടും സഹനങ്ങളുണ്ടാകുമ്പോൾ സ്വാഭാവികമായും ദൈവത്തെ കുറ്റപ്പെടുത്താനും ചോദ്യം ചെയ്യാനുമൊക്കെ നമുക്കു തോന്നാറില്ലേ? തിരിച്ചടികളുണ്ടാകുമ്പോൾ ദൈവത്തിൽനിന്ന് അകന്നാൽ അവിടെ ദുഷ്ടശക്തി ജയിക്കും".

"വിശ്വാസം പരീക്ഷിക്കപ്പെടുമെന്ന് ബൈബിളിൽ പറയുന്നുണ്ടല്ലോ. ജോബിന്റെ പുസ്തകം അതല്ലേ പഠിപ്പിക്കുന്നത്? ജീവിതത്തിലുണ്ടാകുന്ന ദൗർഭാഗ്യകരമായ സംഭവങ്ങളിൽ സമനില തെറ്റാതെ, ഭയചകിതരാകാതെ മുമ്പോട്ടുപോകുവാൻ വിശ്വാസം നമ്മെ സഹായിക്കുന്നു എന്ന് ദൈവദാസൻ വില്യം ജക്വീന്താ പറയുന്നുണ്ട്".

"ങ്ഹാ.... പ്രശ്നങ്ങളുടെ മുമ്പിൽ ഉത്തരം മുട്ടുമ്പോൾ ഇങ്ങനെ പലതും പറയാം".

"എല്ലാം മനസ്സിലാക്കാൻ നമുക്കു പറ്റില്ലല്ലോ ബിൻസേ.... പരിമിതികൾ ധാരാളമുള്ള മനുഷ്യരല്ലേ നമ്മൾ? അനന്തജ്ഞാനിയായ ദൈവം അനുവദിക്കുന്നതാണെന്ന് മനസ്സിലാക്കി എല്ലാ അനുഭവങ്ങളും എളിമയോടെ സ്വീകരിക്കുന്നതാണ് നല്ലത്. സ്വീകരിക്കാൻ ബുദ്ധിമുട്ടുള്ള കാര്യങ്ങളൊക്കെ എന്റെ ജീവിതത്തിലും മറ്റുള്ളവരുടെ ജീവിതത്തിലുമൊക്കെ സംഭവിക്കുമ്പോൾ വിശുദ്ധ കൊച്ചുത്രേസ്യായുടെ വാക്കുകൾ ഞാനോർക്കും. അതിങ്ങനെയാണ്: ജീവിതത്തിൽ സംഭവിക്കുന്നവയെ എല്ലാം മനസ്സിലാക്കാൻ എനിക്കു സാധിക്കുകയില്ലെങ്കിലും അവയുടെയെല്ലാം മുമ്പിൽ ഞാൻ പുഞ്ചിരിക്കുകയും അവയ്ക്കു നന്ദി പറയുകയും ചെയ്യും. എന്റെ ദൈവത്തെ ഞാൻ ഒരിക്കലും സംശയിക്കുകയില്ല".

"വിശുദ്ധരെല്ലാം ആഴമേറിയ വിശ്വാസമുള്ളവരായിരുന്നതുകൊണ്ടാണ് ഇങ്ങനെയൊക്കെ പറയുവാൻ കഴിയുന്നത്. വിശ്വാസമുള്ളവർക്ക് സഹനങ്ങളെല്ലാം വേണ്ടവിധം നേരിടാനും അവ രക്ഷാകരമാക്കി മാറ്റാനും കഴിയും. വിശ്വാസം ശക്തിയാണല്ലോ. അതുപോലെ, ഭൗമിക ജീവിതത്തെക്കുറിച്ചുമാത്രം ചിന്തിക്കുമ്പോഴാണ് വേദനിപ്പിക്കുന്ന അനുഭവങ്ങൾ മനസ്സിലാക്കാൻ പറ്റാത്തവയായി മാറുന്നത് എന്നാണ് എന്റെ അഭിപ്രായം. നമ്മുടെയൊക്കെ ജീവിതം ഇവിടം കൊണ്ടവസാനിക്കുന്നതല്ലല്ലോ. സ്വർഗത്തെക്കുറിച്ചോർക്കുമ്പോൾ നമ്മുടെ പല പ്രശ്നങ്ങൾക്കും പരിഹാരമാകും".

"സിനിമയിൽ തുടങ്ങിയ നമ്മുടെ ചർച്ച സ്വർഗത്തിലെത്തിയല്ലോ! ഇനി നമുക്കു ധൈര്യമായി മീറ്റിംഗ് അവസാനിപ്പിക്കാം". റിച്ചുവിന്റെ കമന്റു കേട്ടു ചിരിച്ച്, പ്രാർത്ഥനയോടെ അവർ മീറ്റിംഗ് അവസാനിപ്പിച്ചു.

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



റോസമ്മ കുന്നേൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**: ഉയിർത്തെഴുന്നേല്ക്കുവാനായി വിളിക്കപ്പെട്ടവളായ പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം (ലൂക്കാ 24,5–6).

ഉത്ഥാനത്തിന്റെ ആദ്യഫലമായ പരി. അമ്മേ, ഞങ്ങളിൽ പ്രതീക്ഷ എന്ന ദൈവികപുണ്യം വളർത്തണമേ. ഉത്ഥാനവസ്ത്രമണിഞ്ഞ് ജീവന്റെ ആഘോഷത്തിലേക്കു പ്രവേശിക്കാനാഗ്രഹിക്കുന്ന ഞങ്ങളോടൊപ്പം ആയിരുന്നുകൊണ്ട് മഹത്ത്വത്തിലേക്കു ഞങ്ങളെയും കൂട്ടിക്കൊണ്ടു പോകണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: നിത്യതയിലേക്ക് ഉറ്റുനോക്കുവാനായി വിളിക്കപ്പെട്ട പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം (യോഹ 17,24).

സ്വർഗീയരാജ്ഞിയായ പരി. അമ്മേ, മാതൃസഹജമായ വാത്സല്യത്തോടെ പാപാവസ്ഥയിലായിരിക്കുന്ന മാനവവംശത്തെ കടാക്ഷിക്കണമേ. ഞങ്ങളുടെ ഉൾക്കണ്ണുകളെ ശുദ്ധീകരിച്ച് ഈ ഭൂമിയിൽത്തന്നെ ആനന്ദദായകമായ സ്വർഗീയ അനുഭവത്തിൽ ജീവിക്കാനുള്ള അനുഗ്രഹത്തിനായി ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: പിതാവിന്റെ ദാനമായ പരിശുദ്ധാത്മാവിനെ സ്വീകരിക്കാനായി വിളിക്കപ്പെട്ട പരിശുദ്ധ അമ്മയെ നമുക്ക് ധ്യാനിക്കാം (യോഹ 14,26; 17,7).

പരിശുദ്ധാത്മാവിന്റെ ദിവ്യവാസസ്ഥലമായ പരി. അമ്മേ, കൂദാശകളിലൂടെ ദൈവാരൂപിയെ ഞങ്ങളിലേക്കു വർഷിച്ചതിന് എപ്പോഴും കൃതജ്ഞതാമനോഭാവത്തോടെ ആയിരിക്കുവാനും ഞങ്ങളുടെ വിശുദ്ധീകരണത്തിനാവശ്യമായ കൃപ ഒരിക്കലും നഷ്ടപ്പെടാതിരിക്കത്തക്കവിധം അമ്മയെപ്പോലെ ശ്രദ്ധയുള്ളവരായിരിക്കാനും ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: സ്നേഹത്തിൽ പരിശുദ്ധയും നിഷ്കളങ്കയുമായിരിക്കാനായി വിളിക്കപ്പെട്ട പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം (ലൂക്കാ 10,21; വെളി 12,1).

രക്ഷിക്കപ്പെട്ട സ്ത്രീയായ പരി. അമ്മേ, നിന്നോടൊപ്പം ദൈവത്തിനു മുമ്പാകെ പരിശുദ്ധരും നിഷ്കളങ്കരുമായിരിക്കാൻ ഞങ്ങളും തിരഞ്ഞെടുക്കപ്പെട്ടവരാണെന്ന അവബോധത്തിൽ ഓരോ നിമിഷവും ജീവിക്കുവാൻ ഞങ്ങൾക്കായി പ്രാർത്ഥിക്കണമേ.


*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: പുതിയ ജറുസലേമിൽ ജീവിക്കുവാനായി വിളിക്കപ്പെട്ട പരിശുദ്ധ അമ്മയെ നമുക്കു ധ്യാനിക്കാം.

പുതിയ ജറുസലേമിൽ ആദ്യപൗരത്വം നേടിയ പരി. അമ്മേ, ജീവിതവിശുദ്ധികൊണ്ടും സാഹോദര്യ ഐക്യംകൊണ്ടും സ്വർഗീയപിതാവിനെ മഹത്ത്വപ്പെടുത്തുവാൻ പരിശുദ്ധ പിതാവുമുതൽ ഈ നിമിഷം സഭയിൽ ജനിച്ചവർവരെയുള്ള ഓരോ മക്കളെയും സഹായിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

“ദൈവചൈതന്യം
എന്നെ സൃഷ്ടിച്ചു;
സർവശക്തന്റെ ശ്വാസം
എനിക്കു ജീവൻ തന്നു”
(ജോബ് 33,4).



PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly)
**RNI: KERMAL/2014/59983**
**Published on 24th October 2025**

"നിത്യവെളിച്ചത്തിൻ
സുതയായ്, രാജാവിൻ
വധുവായ് ശോഭിക്കും
സമലംകൃതയാം തിരുസഭയേ,
മണവാളനു നീ സ്തുതിപാടൂ.
മാമോദീസാസലിലത്താൽ
പാപംനീക്കി വിശുദ്ധി പകർ-
ന്നേകീടും അവനെ വന്ദിക്കൂ".

(ഓനീസാ ദ്റംശാ,
പള്ളിക്കൂദാശക്കാലം).

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O.,
Kottayam - 686 018; Printed at WiGi Printers, Manganam P.O.,
Kottayam - 686 018, Ph: 9447420082, Email: wigipress@gmail.com; Published
at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal